[122] ദേശീയ ദുരന്ത നിവാരണ പ്ലാൻ 2016-ലെ ഖണ്ഡിക 4.8-നു കീഴിൽ റെസ്പോൺസിബിലിറ്റി മെട്രിക്സ് ഫോർ പ്രിപേർഡ്നസ്സ് ആൻഡ് റെസ്പോൺസ് ക്രമ നമ്പർ 2, 15 എന്നിവ പ്രകാരം ഒഴിപ്പിക്കപ്പെടേണ്ട ജനങ്ങളുടെയും മൃഗങ്ങളുടെയും എണ്ണം, ഒഴിപ്പിക്കേണ്ട രീതി, അതിനുവേണ്ടി ഗതാഗതം ഉൾപ്പെടെയുള്ള മാർഗ്ഗങ്ങൾ, മനുഷ്യരെയും മൃഗങ്ങളെയും താത്ക്കാലികമായി പാർപ്പിക്കേണ്ട ഇടങ്ങൾ കണ്ടെത്തി അവ തയ്യാറാക്കേണ്ട രീതി എന്നീ ഉത്തരവാദിത്തങ്ങൾ നിർവ്വചിച്ചിട്ടുണ്ട്. ഇവയെല്ലാം സംസ്ഥാനങ്ങളോട് അവരവരുടെ സംസ്ഥാന ദുരന്തനിവാരണ പ്ലാനുകളിൽ ഉൾപ്പെടുത്താനും നിർദ്ദേശിച്ചിട്ടുണ്ട്.

പേർക്കും അവയെ മാറ്റുന്നതിന് അധികാരികളുടെ ആരുടെയും സഹായം ലഭിച്ചിരുന്നില്ല.

## 5.5. പ്രളയ ശേഷമുള്ള അവലോകനം

- ദുരിതാശ്വാസ ക്യാമ്പുകളിലേയ്ക്ക് മാറിയ 458 പേരിൽ 445 പേരുടെയും അഭിപ്രായത്തിൽ ക്യാമ്പുകളിൽ ആവശ്യത്തിന് ഭക്ഷണം, കുടിവെള്ളം, മരുന്നു വിതരണം, ശുചിത്വ സംവിധാനങ്ങൾ എന്നിവ ലഭ്യമായിരുന്നു. ഇവരിൽ 391 പേരുടെ അഭിപ്രായത്തിൽ ക്യാമ്പുകളിൽ മതിയായ ഡ്രെയിനേജ് സൗകര്യങ്ങൾ ഉണ്ടായിരുന്നു. ക്യാമ്പുകളിൽ ദുരന്തത്തിന്റെ ആഘാതം നേരിടുന്നതിന് ഉതകുന്ന രീതിയിലുള്ള കൗൺസലിംഗ് പോലും ലഭ്യമായിരുന്നു എന്ന് 326 പേർ അറിയിച്ചു. ഇതിൽ നിന്നും പ്രതിസന്ധി ഘട്ടത്തിൽ പ്രവർത്തിച്ച ദുരിതാശ്വാസ ക്യാമ്പുകളിൽ ഏർപ്പെടുത്തിയിരുന്ന സൗകര്യങ്ങൾ ഉന്നത നിലവാരത്തിലുള്ളവയായിരുന്നു എന്ന വസ്തുത വ്യക്തമാണ്.

- പ്രളയ ബാധിതരായ 800 പേരിൽ നടത്തിയ സർവ്വേയിൽ 672 പേർ (84 ശതമാനം) പ്രളയ ബാധിത പ്രദേശങ്ങളിലെ വീടുകളിൽ അടിഞ്ഞുകൂടിയ ചെളിയും മണ്ണും നീക്കം ചെയ്ത് വൃത്തിയാക്കുന്നതിനായി സർക്കാർ പ്രഖ്യാപിച്ച ₹10,000 അടിയന്തിര ധനസഹായം തങ്ങൾക്ക് ലഭിച്ചതായി അറിയിച്ചു. പ്രതിസന്ധി ഘട്ടത്തിൽ സാമ്പത്തിക സഹായം വിതരണം ചെയ്തത് പ്രളയ പ്രതിരോധ സംവിധാനത്തിന്റെ കാര്യക്ഷമതയിലേയ്ക്ക് വിരൽ ചൂണ്ടുന്നു.

സർവ്വേയിൽ നിന്നും ഉരുത്തിരിഞ്ഞുവന്ന ഫലങ്ങളെ സംസ്ഥാന സർക്കാർ തങ്ങളുടെ മറുപടിയിൽ (2020 നവംബർ) താഴെ സൂചിപ്പിക്കുന്ന കാരണങ്ങൾ ചൂണ്ടിക്കാട്ടി എതിർത്തിരുന്നു.

- ഈ സർവ്വേ വെറും 800 വ്യക്തികൾ എന്ന സാമ്പിൾ ജനസംഖ്യയെ ഉപയോഗിച്ചാണ് നടത്തിയത്. ഒരു വിവേകപൂർണ്ണവും വിശ്വസനീയവുമായ സ്റ്റാറ്റിസ്റ്റിക്കൽ സർവ്വേയിൽ ആകെ ജനസംഖ്യയുടെ 30 ശതമാനത്തെ എങ്കിലും ഉൾപ്പെടുത്തണമായിരുന്നു. 800 പേരിൽ നിന്നും ശേഖരിച്ച വിവരങ്ങൾ ഒരു സാമാന്യവൽക്കരണത്തിനുതകുന്ന പ്രാതിനിധ്യ സ്വഭാവമുള്ളവയല്ല. ലഭിച്ച പ്രതികരണങ്ങൾ തെരഞ്ഞെടുക്കപ്പെട്ടവരിൽ നിന്നായതു കാരണം അവ വിശ്വസനീയവും ആശ്രയ യോഗ്യവുമായി കരുതാനാകില്ല. കൂടാതെ പ്രളയം നടന്ന് 15 മാസത്തിനു ശേഷം നടത്തിയ സർവ്വേയുടെ പ്രയോജനം സംശയാസ്പദവുമാണ്. സർവ്വേയിലെ കണ്ടെത്തലുകൾ അടങ്ങുന്ന യഥാർത്ഥ രേഖകൾ അവയുടെ ഡേറ്റയുടെയും ഫലങ്ങളുടെയും വിശ്വാസ്യത പരിശോധിക്കുന്നതിലേയ്ക്കായി നാളിതുവരെയും ഓഡിറ്റ് കെ.എസ്.ഡി.എം.എ യ്ക്ക് കൈമാറിയിട്ടില്ല.

- ഖണ്ഡിക 5.3, 5.4 എന്നിവയിൽ സൂചിപ്പിച്ചിരിക്കുന്ന ഡേറ്റകളിൽ വസ്തുതാപരമായ വൈരുദ്ധ്യങ്ങൾ ഉണ്ട്. ഖണ്ഡിക 5.3 പ്രകാരം തങ്ങളുടെ പ്രദേശത്തു നിന്ന് ആളുകളെ ഒഴിപ്പിക്കുന്ന വിവരം അറിഞ്ഞിരുന്നില്ല എന്ന് 582 പേർ അറിയിച്ചതായി പറയുന്നു. അതേ സമയം ഖണ്ഡിക 5.4 അനുസരിച്ച് 534 വ്യക്തികൾ സംഭവത്തിന്റെ ഗൗരവത്തെക്കുറിച്ച് ആരും തങ്ങളെ ബോധവത്ക്കരിച്ചില്ല എന്നും സൂചിപ്പിച്ചിട്ടുണ്ട്.

- മഹാപ്രളയത്തിലേയ്ക്ക് നയിച്ച 'അതിതീവ്ര മഴ' ഐ.എം.ഡി പ്രവചിക്കാതിരുന്നതിനാൽ ഇതേപ്പറ്റി സംസ്ഥാനം കാലേകൂട്ടിയുള്ള ഒരു മുന്നറിയിപ്പു പുറപ്പെടുവിക്കണമെന്ന് ഓഡിറ്റ് പ്രതീക്ഷിക്കാൻ പാടില്ല.

നാഷണൽ ഡിസാസ്റ്റർ മാനേജ്മെന്റ് പ്ലാൻ 2016-ന്റെ[123] അടിസ്ഥാനത്തിൽ മുന്നറിയിപ്പ് സിഗ്നലുകൾ പ്രചരിപ്പിക്കുന്നതിന്റെ ഉത്തരവാദിത്വത്തെ സംബന്ധിച്ചുള്ള ഓഡിറ്റ് പരാമർശം ഉചിതമല്ല. ഇത്തരം വിവരങ്ങൾ കേന്ദ്ര ഏജൻസികൾ സംസ്ഥാന ഏജൻസികൾക്കു കൈമാറുകയും സംസ്ഥാന ഏജൻസികൾ അവ ജില്ലാ ഭരണകൂടങ്ങൾക്കും തദ്ദേശ ഭരണകൂടങ്ങൾക്കും കൈമാറുകയുമാണ് ചെയ്യേണ്ടത്. 2018 ഓഗസ്റ്റിലെ പ്രളയത്തെപ്പറ്റി സംസ്ഥാനത്തിന് ഒരു മുന്നറിയിപ്പും ലഭിച്ചിരുന്നില്ല. യഥാർത്ഥത്തിൽ പെയ്ത മഴയുടെ അളവ് ഐ.എം.ഡി പ്രവചിച്ച മഴയുടെ അളവിനേക്കാൾ പല മടങ്ങ് കൂടുതലായിരുന്നുവെന്നു മാത്രമല്ല മഴ പ്രവചിച്ചിരുന്ന ദിവസങ്ങളും വ്യത്യസ്തമായിരുന്നു. ഇതിൽ ഉൾപ്പെട്ട കേന്ദ്ര ഏജൻസികളായ ഐ.എം.ഡി, സി.ഡബ്ല്യൂ.സി എന്നിവയുടെ പ്രവചന സമ്പ്രദായത്തിൽ പ്രളയത്തിലേയ്ക്കു നയിച്ച അതിതീവ്ര മഴ മുൻകൂട്ടി രേഖപ്പെടുത്താത്തത് കാരണം, ആശയവിനിമയം അലർട്ടുകളുടെ തോത് മാത്രം ആസ്പദമാക്കിയായിരുന്നു. അതിതീവ്രമഴയുടെ ഫലമായാണ് മഹാപ്രളയം ഉണ്ടായത്, അതേ സമയം അത്തരത്തിലുള്ള മഴ 2018 ഓഗസ്റ്റ് 15-ന് മുൻപ് പ്രവചിച്ചിരുന്നുമില്ല.

- കെ.എസ്.ഡി.എം.എയുടെയും സർക്കാരിന്റെയും പക്കലുണ്ടായിരുന്ന എല്ലാ വിവരങ്ങളും, കൂടാതെ ബഹു.മുഖ്യമന്ത്രിയുടെ നിർദ്ദേശങ്ങളും വിശദീകരണങ്ങളും, തുടങ്ങി എല്ലാ വിധത്തിലുമുള്ള മുന്നറിയിപ്പുകളും ഉപദേശങ്ങളും കെ.എസ്.ഡി.എം.എയുടെ ഫെയ്സ്ബുക്ക് പേജ് ഉൾപ്പെടെയുള്ള എല്ലാ അച്ചടി, ശ്രവ്യ, ദൃശ്യ, സാമൂഹ്യമാധ്യമങ്ങൾ വഴി പ്രചരിപ്പിച്ചിരുന്നു. ഇവയല്ലാതെ സമർപ്പിത ദുരന്ത മുന്നറിയിപ്പു നൽകുന്ന ആശയവിനിമയ റേഡിയോ ചാനൽ, രാജ്യവ്യാപകമായ ലാസ്റ്റ് മൈൽ കണക്ടിവിറ്റി എന്നിവയുടെ അഭാവത്തിൽ 2018-ലെ പ്രളയത്തിന്റെ സമയത്ത് സംസ്ഥാന സർക്കാർ, സിഡോട്ട്[124], എൻ.ഡി.എം.എ, ബി.എസ്.എൻ.എൽ എന്നിവയുടെ പിന്തുണയോടു കൂടി രാജ്യത്ത് ആദ്യമായി ലൊക്കേഷൻ അടിസ്ഥാനമാക്കിയുള്ള സന്ദേശസംവിധാനം ഉപയോഗിക്കാൻ തുടങ്ങുകയും പൊതുജനങ്ങൾക്കായി 16 ലക്ഷം ഉപദേശ സന്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തു. നിർണ്ണായക മേഖലകളിൽ ഉച്ചഭാഷിണി വഴിയുള്ള മുന്നറിയിപ്പുകളും നൽകിയിരുന്നു.

- കാലേകൂട്ടിയുള്ള മുന്നറിയിപ്പു ശൃംഖലയുടെ ആദ്യത്തെ കണ്ണിയായ ഐ.എം.ഡിയുടെയും സി.ഡബ്ല്യൂ.സിയുടെയും മുന്നറിയിപ്പു സംവിധാനങ്ങളുടെ പോരായ്മകൾ കണക്കിലെടുക്കുന്നതിൽ ഓഡിറ്റ് പരാജയപ്പെട്ടു. ഐ.എം.ഡി പോലും കേരളത്തിൽ നിറങ്ങളുടെ കോഡുകളുള്ള അലർട്ടുകൾ 2018 ഓഗസ്റ്റ് 08 മുതലാണ് പുറപ്പെടുവിച്ചു തുടങ്ങിയത് എന്നിരിക്കെ പ്രളയത്തിന്റെ തീവ്രതയിൽ അമർന്ന കേരളത്തിൽ നിറങ്ങളുടെ കോഡുള്ള മുന്നറിയിപ്പുകളെ കുറിച്ച് ജനങ്ങൾക്ക് പരിശീലനം നൽകണമായിരുന്നു എന്ന ഓഡിറ്റിന്റെ നിരീക്ഷണം ഒട്ടും ഉചിതമല്ല. എളുപ്പത്തിൽ മനസ്സിലാകുന്ന മലയാളഭാഷയിൽ രേഖപ്പെടുത്തിയിട്ടുള്ള സാധാരണ പ്രവർത്തന നടപടിക്രമങ്ങൾ അടിസ്ഥാനപ്പെടുത്തി കെ.എസ്.ഡി.എം.എ

[123] ദേശീയ ദുരന്ത നിവാരണ പ്ലാൻ 2016 പ്രകാരം താഴെ പറയുന്നവയാണ് കേന്ദ്ര ഏജൻസികളുടെ ഉത്തരവാദിത്വം (എ) പ്രവചനങ്ങൾ, അലർട്ടുകൾ, മുന്നറിയിപ്പുകൾ എന്നിവ പുറപ്പെടുവിക്കുക (ബി) ജീവനും സ്വത്തിനും ഉണ്ടാകാവുന്ന നഷ്ടത്തിന്റെ തോത് ലഘൂകരിക്കുന്നതിനായി കാലേകൂട്ടിയുള്ള മുന്നറിയിപ്പുകൾ (സാധ്യമായിടത്ത്) നൽകുക (സി) കേന്ദ്ര മന്ത്രാലയങ്ങൾക്കും വകുപ്പുകൾക്കും ഏജൻസികൾക്കും അതുപോലെ സംസ്ഥാന സർക്കാരിനും മുന്നറിയിപ്പുകളും മറ്റു വിവരങ്ങളും നൽകുക. സംസ്ഥാന ഏജൻസികളുടെ ഉത്തരവാദിത്വങ്ങൾ ഇവയാണ്. (i) ദുരന്തം ബാധിക്കാനിടയുള്ള സ്ഥലങ്ങളിലെ നഷ്ടത്തിന്റെ തോത് ലഘൂകരിക്കുന്നതിനുതകുന്ന രീതിയിൽ ജില്ലാ ഭരണകൂടങ്ങൾ, തദ്ദേശസ്ഥാപനങ്ങൾ പൊതുജനങ്ങൾ എന്നിവർക്ക് കാലേക്കൂട്ടിയുള്ള മുന്നറിയിപ്പ് സിഗ്നലുകൾ നൽകുക (ii) ഏറ്റവും താഴെത്തട്ടുവരെയുള്ളവർക്ക് മുന്നറിയിപ്പുകളും സൂചനകളും നൽകുക.

[124] സെന്റർ ഫോർ ഡവലപ്മെന്റ് ഓഫ് ടെലിമാറ്റിക്സ്

പൊതുജനങ്ങൾക്കും ജില്ലാ അധികാരികൾക്കും വിവിധ വകുപ്പുകൾക്കും നിർദ്ദിഷ്ടമായ പ്രവർത്തന പ്രോട്ടോകോൾ പുറപ്പെടുവിക്കാറുണ്ട്. അതിൻമേൽ പ്രത്യേക പരിശീലനത്തിന്റെ ആവശ്യമില്ല.

- പ്രതിസന്ധികളിൽ സർക്കാർ/ തദ്ദേശസ്വയംഭരണ സ്ഥാപന അധികാരികൾ പൊതുജനങ്ങളുമായും സന്നദ്ധസംഘടനകളുമായും കൈകോർത്ത് അവയെ നേരിടും. യഥാർത്ഥ സാഹചര്യങ്ങൾ പരിശോധിക്കാതെയും പ്രളയ സമയത്തെ ആവശ്യങ്ങൾ കണക്കിലെടുക്കാതെയും ചില പ്രത്യേക വസ്തുതകളിലേയ്ക്ക് വിരൽ ചൂണ്ടുന്ന നിലയിൽ ഉള്ള ഒരു തെരഞ്ഞെടുത്ത വായനയ്ക്കാണ് ഓഡിറ്റ് മുതിർന്നിരിക്കുന്നത്.

- 2005-ലെ ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ടിൽ കെ.എസ്.ഡി.എം.എ യ്ക്കോ സർക്കാർ, തദ്ദേശസ്വയംഭരണ സ്ഥാപന അധികാരികൾക്കോ, സംസ്ഥാനത്തിന്റെ മുപ്പതു ശതമാനത്തോളം വരുന്ന ജനസംഖ്യയുള്ള പ്രദേശങ്ങളിലെ താമസക്കാരായ വ്യക്തികളെ നേരിട്ട് സന്ദർശിച്ച് സ്ഥിതിഗതികളുടെ ഗൗരവത്തെപ്പറ്റി ബോദ്ധ്യപ്പെടുത്തണമെന്ന നിയമപരമായ ബാധ്യത ഇല്ല. പ്രതിസന്ധിയുടെ സമയത്ത് രക്ഷാപ്രവർത്തനങ്ങൾക്കുവേണ്ടി രക്ഷാസേനകളുടെ സാന്നിധ്യം ഉറപ്പാക്കിയിരുന്നു. പൊതുജനങ്ങൾക്ക് വേണ്ടത്ര മുന്നറിയിപ്പുകൾ കൊടുക്കുകയും സ്വയം മാറുന്നതിന് കഴിയാത്തവർക്ക് വാഹനസൗകര്യങ്ങൾ ഒരുക്കുകയും ചെയ്തിരുന്നു.

- വളർത്തുമൃഗങ്ങളെയും മറ്റും ബന്ധനത്തിൽ നിന്നും അഴിച്ചു വിടുന്നതിനുള്ള പ്രത്യേകമായ പൊതു മുന്നറിയിപ്പുകൾ എല്ലാ മാധ്യമങ്ങൾ വഴിയും പുറപ്പെടുവിച്ചിരുന്നു. അതിതീവ്രമായ ഒരു പ്രളയസാഹചര്യത്തിൽ ഒഴിപ്പിക്കപ്പെടുന്ന കുടുംബങ്ങളോടൊപ്പം വളർത്തു മൃഗങ്ങളെയും കൊണ്ടു പോകുന്നത് ഒരിക്കലും ഒരു നല്ല പ്രവണതയല്ല.

മേൽ സൂചിപ്പിച്ച വിഷയങ്ങളിൻ മേലുള്ള ഓഡിറ്റിന്റെ പ്രതികരണം താഴെ വിവരിക്കും പ്രകാരമാണ്.

- സർക്കാരിന്റെ പ്രളയപൂർവ്വ തയ്യാറെടുപ്പ്, പ്രളയ നിയന്ത്രണത്തിന്റെ പ്രവർത്തനഘട്ടം, പ്രളയാനന്തര പ്രവർത്തനം എന്നീ സന്ദർഭങ്ങളിലുള്ള പൊതു കാഴ്ചപ്പാട് മനസ്സിലാക്കുക എന്നതായിരുന്നു സർവ്വേയുടെ ലക്ഷ്യം. പ്രളയബാധിത പ്രദേശങ്ങളിലുള്ള 800 വ്യക്തികൾക്ക് ചോദ്യാവലികൾ നൽകിക്കൊണ്ട് ഓഡിറ്റിന്റെ പരിമിതമായ സൗകര്യങ്ങൾ ഉപയോഗിച്ചാണ് സർവ്വേ നടത്തുവാൻ ഉദ്ദേശിച്ചത്. സർവ്വേയുടെ ഫലങ്ങൾ അനുകൂലവും പ്രതികൂലവും ആയ പ്രതികരണങ്ങളുടെ ഒരു മിശ്രിതമായിരുന്നു. സർവ്വേ റവന്യൂ/ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അധികാരികളുടെ സാന്നിധ്യത്തിൽ നടത്തിയതുകൊണ്ടും സർവ്വേ പ്രതികരണഷീറ്റുകളിൽ അതത് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ ഒപ്പും സീലും പതിപ്പിച്ചിട്ടുള്ളതുകൊണ്ടും സർവ്വേയുടെ ഫലങ്ങളെയും അതിനുവേണ്ടി പിന്തുടർന്ന പ്രക്രിയയെയും സംശയിക്കേണ്ട കാര്യമില്ല. ഓഡിറ്റ് ശേഖരിച്ച ഡേറ്റയിൽ പേര്, മേൽവിലാസം, മൊബൈൽ നമ്പർ,റേഷൻകാർഡ് നമ്പർ തുടങ്ങിയ വ്യക്തിപരമായ വിവരങ്ങൾ ഉൾപ്പെട്ടിട്ടുള്ളതിനാൽ പൂരിപ്പിച്ച ചോദ്യാവലികൾ പങ്കുവെയ്ക്കുന്ന വിഷയത്തിൽ രഹസ്യാത്മകത പരമാവധി പാലിച്ചിട്ടുണ്ട്.

- ഒരു ചോദ്യങ്ങളുടെ പ്രതികരണങ്ങളിലും യാതൊരു വിധത്തിലുമുള്ള വൈരുദ്ധ്യങ്ങൾ ഇല്ല. ഖണ്ഡിക 5.3-ലെ ചോദ്യങ്ങളുടെ പ്രതികരണങ്ങൾ പ്രളയത്തിന് മുൻപുള്ള സാഹചര്യത്തെക്കുറിച്ചായിരുന്നു അതേസമയം ഖണ്ഡിക 5.4 യഥാർത്ഥത്തിലുള്ള പ്രതിസന്ധി സാഹചര്യത്തെപ്പറ്റിയായിരുന്നു. സാഹചര്യത്തിന്റെ ഗൗരവത്തെക്കുറിച്ച് വിശദീകരണം ലഭിച്ച ഒരു വ്യക്തിയ്ക്ക് ജനങ്ങളെ ഒഴിപ്പിക്കുന്നതിനുള്ള

നടപടികളെപ്പറ്റി സൂചന ലഭിച്ചിട്ടുണ്ടാവണമെന്നില്ല എന്നാണ് ഓഡിറ്റിന്റെ നിരീക്ഷണം.

- ബന്ധപ്പെട്ട കേന്ദ്ര ഏജൻസികളിൽ നിന്നുള്ള മുന്നറിയിപ്പുകളുടെ അഭാവത്തിൽ സംസ്ഥാനസർക്കാരിൽ നിന്നും മുന്നറിയിപ്പുകൾ പുറപ്പെടുവിക്കുന്ന നടപടി പ്രതീക്ഷിക്കാനാവില്ലെന്ന വാദം നിലവിലുള്ള നിയമങ്ങളുടെയും നടപടിക്രമങ്ങളുടെയും അടിസ്ഥാനത്തിൽ അംഗീകരിക്കാനാവില്ലെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു.

(i) 2005–ലെ ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ടിലെ സെക്ഷൻ 38, 2 (എച്ച്) പ്രകാരം താഴെത്തട്ടിലെ ദുർബല വിഭാഗങ്ങൾ വരെയുള്ളവർക്ക് പര്യാപ്തമായ മുന്നറിയിപ്പ് സംവിധാനം ഏർപ്പെടുത്തുക എന്നത് സംസ്ഥാന സർക്കാരിന്റെ ഉത്തരവാദിത്വമാണ്. എമർജെൻസി ഓപ്പറേഷൻസ് സെന്ററിന്റെ (ഇ.ഒ.സി) ഏറ്റവും പ്രധാനപ്പെട്ട ഉത്തരവാദിത്വങ്ങളിലൊന്ന് നേരത്തേയുള്ള മുന്നറിയിപ്പ് പുറപ്പെടുവിക്കുക എന്നതാണ് (ഇ.ഒ.സി.ഇ.എസ്.എഫ്.പി[125] 2015, ഖണ്ഡിക 4). ദുർബല വിഭാഗങ്ങൾക്ക് കാലേകൂട്ടിയുള്ള മുന്നറിയിപ്പുകൾ പകർന്നു നൽകുന്നതിനും പ്രളയ പ്രതിരോധ പ്രവർത്തകരെ സജീവമാക്കുന്നതിനും വേണ്ടി ഇൻഫർമേഷൻ ആന്റ് കമ്മ്യൂണിക്കേഷൻ ടെക്നോളജി (ഐ.സി.റ്റി) ടൂൾസും ലഭ്യമായ മറ്റു മാർഗ്ഗങ്ങളും ഇ.ഒ.സി ഉപയോഗിക്കുന്നു.

(ii) കാലാവസ്ഥ മുന്നറിയിപ്പുകൾക്ക് നിയുക്തമായ ഒരു ഏജൻസിയാണ് ഐ.എം.ഡി (ഇ.ഒ.സി.ഇ.എസ്.എഫ്.പി 2015, ഖണ്ഡിക 4.1). മേൽപ്പറഞ്ഞ ഖണ്ഡിക പ്രകാരം പരിസ്ഥിതി ഘടകങ്ങളെകുറിച്ച് (മഴ, ജലനിരപ്പ്, ഭൂകമ്പം, തിരമാലകളുടെ ഉയരം, മുതലായവ) മുൻനിശ്ചയിച്ച അതിരുകൾ പ്രകാരവും ഐ.എം.ഡി, സി.ഡബ്ല്യൂ.സി എന്നിവയിൽ നിന്നും കിട്ടുന്ന പ്രത്യേക മുന്നറിയിപ്പുകളെയും അടിസ്ഥാനപ്പെടുത്തി, ജില്ലാ ഭരണകൂടങ്ങൾക്കും വേണ്ടി വന്നാൽ പൊതുജനങ്ങൾക്കും മുന്നറിയിപ്പുകൾ പുറപ്പെടുവിക്കുക എന്നതാണ് എസ്.ഇ.ഒ.സിയുടെ പ്രവർത്തനങ്ങളിൽ ഉൾപ്പെട്ടിരിക്കുന്നത്. ഇത്തരത്തിൽ ഐ.എം.ഡി, സി.ഡബ്ല്യൂ.സി എന്നിവയിൽ നിന്നും ലഭിക്കുന്ന മുന്നറിയിപ്പുകളെ മാത്രം ആശ്രയിക്കാതെ എസ്.ഇ.ഒ.സി, കെ.എസ്.ഡി.എം.എ തുടങ്ങിയവയ്ക്ക് പരിസ്ഥിതി ഘടകങ്ങളുടെ മുൻനിശ്ചയിച്ച അതിരുകളുടെ അടിസ്ഥാനത്തിൽ കാലേകൂട്ടിയുള്ള മുന്നറിയിപ്പുകൾ പുറപ്പെടുവിക്കുന്നതിനുതകുന്ന രീതിയിലുള്ള ഫലപ്രദമായ ഒരു സംവിധാനം ഉണ്ടാകേണ്ടതായിരുന്നു.

(iii) കാലേകൂട്ടിയുള്ള മുന്നറിയിപ്പിന്റെ ഒരു നാഡികേന്ദ്രമാണ് എസ്.ഇ.ഒ.സി (ഇ.ഒ.സി.ഇ.എസ്.എഫ്.പി 2015, ഖണ്ഡിക 1.1). എസ്.ഇ.ഒ.സിയുടെ ഉദ്ദേശലക്ഷ്യങ്ങളിലൊന്ന് മുൻകൂട്ടിയുള്ള ദുരന്ത മുന്നറിയിപ്പുകൾ വിഭാവനം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യുക എന്നതാണ് (ഇ.ഒ.സി.ഇ.എസ്.എഫ്.പി 2015, ഖണ്ഡിക 2.1). ഖണ്ഡിക 2.1 വിഭാവനം ചെയ്യുന്നതനുസരിച്ച് എസ്.ഇ.ഒ.സിയുടെ ഡിസിഷൻ സപ്പോർട്ട് സിസ്റ്റം (ഡി.എസ്.എസ്) പ്രാവർത്തികമായാൽ പ്രധാനപ്പെട്ട ജല–കാലാവസ്ഥാ ദുരന്തങ്ങളെക്കുറിച്ച് ഉള്ള പ്രവചനവും മുന്നറിയിപ്പും നൽകുവാനും ദുരന്തസമയങ്ങളിൽ അടിയന്തിര രക്ഷാ പ്രവർത്തനങ്ങൾക്ക് സഹായകമാകുവാനും അതിന് സാധിക്കും. എന്നിരുന്നാലും 2018 ഓഗസ്റ്റിലെ പ്രളയ സമയത്ത്, പ്രധാനപ്പെട്ട ദുരന്തത്തിന്റെ

[125] കെ.എസ്.ഡി.എം.എയുടെ എമർജൻസി ഓപ്പറേഷൻസ് സെന്ററുകളും എമർജൻസി സപ്പോർട്ട് ഫംഗ്ഷൻസും പ്ലാൻ, 2015, ഓറഞ്ച് ബുക്ക് ഓഫ് ഡിസാസ്റ്റർ മാനേജ്മെന്റ് എന്ന് 2019 മെയിൽ പുനർനാമകരണം ചെയ്യപ്പെട്ടു.

കാലേകൂട്ടിയുള്ള മുന്നറിയിപ്പ് നൽകുക എന്ന നിക്ഷിപ്തമായ കടമ, തത്സമയ ഡേറ്റയുടെ അഭാവം മൂലം ഡി.എസ്.എസിന് നിറവേറ്റാൻ കഴിഞ്ഞില്ല. തത്സമയ ഡേറ്റ ലഭ്യമായില്ലെങ്കിൽ ഭാവിയിലും ഡി.എസ്.എസിന് പ്രധാനപ്പെട്ട ജല-കാലാവസ്ഥ ദുരന്തങ്ങളെക്കുറിച്ചുള്ള പ്രവചനവും മുന്നറിയിപ്പു പുറപ്പെടുവിക്കലും സാധ്യമാകാതെ വരും.

(iv) സംസ്ഥാന ദുരന്ത നിവാരണ പ്ലാൻ 2016 അനുസരിച്ച് ദുരന്ത മുന്നൊരുക്കത്തിന്റെ നോഡൽ വകുപ്പായ ജലവിഭവവകുപ്പ്, ഉപരിതല ജലാശയങ്ങളുടെ ജലനിരപ്പ് നിരീക്ഷിച്ച് പ്രളയത്തിന്റെ മതിയായ മുന്നറിയിപ്പ് സംവിധാനം ഉറപ്പാക്കേണ്ടതാണ്.

- 2018-ലെ പ്രളയസമയത്ത് ഡിസാസ്റ്റർ മാനേജ്മെന്റ് അധികാരികൾ വിവിധ മാധ്യമങ്ങളെയും മറ്റു മാർഗ്ഗങ്ങളെയും ഉപയോഗിച്ച് പൊതുജനങ്ങളുമായി ആശയവിനിമയം നടത്തുന്നതിന് എടുത്ത പ്രോത്സാഹനജനകമായ നടപടികളെ ഓഡിറ്റ് അംഗീകരിക്കുന്നു. എങ്കിലും മറ്റൊരു റിപ്പോർട്ടിൽ (പോസ്റ്റ് ഡിസാസ്റ്റർ നീഡ്സ് അസസ്സ്മെന്റ്, 2018 ഒക്ടോബർ) [126] കാലേകൂട്ടിയുള്ള മുന്നറിയിപ്പ് താഴെ തട്ടിലേക്ക്[127] എത്തിക്കുന്ന രീതിയിൽ വിടവുകളും വെല്ലുവിളികളും ഉണ്ടായതായി പ്രതിപാദിക്കുന്നത് ഓഡിറ്റ് നിരീക്ഷിക്കുന്നു. ഇത് ഈ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കി ഭാവിയിലേക്കു മികച്ച തയ്യാറെടുപ്പ് ഉറപ്പുവരുത്തുന്നതിന്റെ ആവശ്യകതയെ സൂചിപ്പിക്കുന്നു.

- ദേശീയ ദുരന്തനിവാരണ പ്ലാൻ 2016-ൽ വിവിധ തലങ്ങളിൽ മുന്നറിയിപ്പുകളെയും പ്രതികരണങ്ങളെയും ഏകോപിപ്പിക്കുന്നതിന് സർക്കാർ/ ഏജൻസികൾ/ പൊതുസമൂഹം എന്നിങ്ങനെ വിവിധ തലങ്ങളിൽ നിക്ഷിപ്തമായിട്ടുള്ള ഉത്തരവാദിത്വങ്ങളെക്കുറിച്ച് വിശദീകരിക്കുന്നുണ്ട്. ദേശീയ ദുരന്തനിവാരണ പ്ലാനിൽ അടിവരയിട്ടിട്ടുള്ള നിയുക്ത ഉത്തരവാദിത്വങ്ങൾ കണക്കിലെടുത്താണ് ചോദ്യാവലി തയ്യാറാക്കിയത്. തുടർച്ചയായ അതിതീവ്രമഴയും സംസ്ഥാനത്തെ എല്ലാ അണക്കെട്ടുകളുടെയും ഷട്ടറുകൾ തുറക്കുന്നതിനാലും ആസന്നമായ വിനാശകരമായ പ്രളയ സാഹചര്യത്തെക്കുറിച്ചുള്ള മുന്നറിയിപ്പ് ഏറ്റവും താഴെത്തട്ടിലുള്ള ജനങ്ങളിൽ വരെ എത്തിച്ചിട്ടുണ്ടോ എന്നു മനസ്സിലാക്കാനും ഓഡിറ്റ് ലക്ഷ്യമിട്ടിരുന്നു. സർക്കാർ/ ജില്ലാ ദുരന്തനിവാരണ അതോറിറ്റികൾ എന്നിവ പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ താലൂക്ക്/ വില്ലേജ്/ തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിലുള്ള ഉദ്യോഗസ്ഥർ പാലിച്ചിരുന്നോ എന്ന് പ്രളയ ദുരന്തത്തിന്റെ ഇരകളായ പൊതുജനത്തിൽ നിന്നും ശേഖരിക്കുന്ന രീതിയിലുള്ള ഒരു അവലോകനം കൂടിയായിരുന്നു സർവ്വേ. അർദ്ധരാത്രിയിൽ സ്വന്തം കിടപ്പാടങ്ങളിലേയ്ക്ക്

---

[126] കേരള സർക്കാർ കമ്മീഷൻ ചെയ്ത കേരള പോസ്റ്റ് ഡിസാസ്റ്റർ നീഡ്സ് അസസ്സ്മെന്റ് ബന്ധപ്പെട്ട മന്ത്രാലയങ്ങളിലെയും ഐക്യരാഷ്ട്ര സഭയിലെയും വിദഗ്ധർ സംയുക്തമായി ഏറ്റെടുത്ത് നടപ്പിലാക്കിയത്.

[127] ഏറ്റവും താഴെ തലത്തിലേയ്ക്ക് കാലേക്കൂട്ടിയുള്ള മുന്നറിയിപ്പുകൾ എത്തിക്കുന്നതിൽ രണ്ട് പ്രധാന തടസ്സങ്ങളാണ് കണ്ടെത്തിയത്. 1) മുന്നറിയിപ്പുകൾ മനസ്സിലാക്കാൻ കഴിഞ്ഞില്ല. ജില്ലയ്ക്ക് മൊത്തത്തിൽ ഐ.എം.ഡി പുറപ്പെടുവിച്ച റെഡ്, ഓറഞ്ച് എന്നീ അലർട്ടുകൾ ശരിയായ രീതിയിൽ മനസ്സിലായില്ല എന്ന് ചില ജില്ലാ ഭരണകൂടങ്ങൾ സൂചിപ്പിച്ചു. ഇതു കാരണം കൃത്യമായ പ്രതികരണങ്ങളോ മുന്നൊരുക്കങ്ങളോ നടത്തുന്നതിന് സാധിച്ചില്ല. കൃത്യമായ നടപടികൾ കൈക്കൊള്ളുന്നതിനു വേണ്ടി താലൂക്കുകളും പഞ്ചായത്തുകളും സൂചിപ്പിക്കുന്ന വിശദമായ പ്രാദേശിക മുന്നറിയിപ്പുകൾ ആവശ്യമാണ് 2) മുന്നറിയിപ്പുകൾ മനസ്സിലായി പക്ഷെ അവഗണിച്ചു. കേരളം പ്രളയസാധ്യതയുള്ള സംസ്ഥാനമാണെങ്കിലും പതിവായി പ്രളയം ഉണ്ടാകാറില്ല. അതു കാരണം പൊതു സമൂഹത്തിൽ ഇത്തരമൊരു ദുരന്തത്തെ നേരിടുന്നതിനുള്ള തയ്യാറെടുപ്പുകൾ കുറവായിരുന്നു. പ്രളയ മുന്നറിയിപ്പുകൾ സമൂഹത്തിന് നൽകിയിരുന്നു എങ്കിലും പ്രളയത്തിന്റെ ആഘാതത്തെക്കുറിച്ചുള്ള അറിവില്ലായ്മ കാരണം പ്രതികരിക്കുന്നതിൽ ജനങ്ങളിൽ വിമുഖത ഉണ്ടായിരുന്നു. (പി.ഡി.എൻ.എ റിപ്പോർട്ടിലെ ഡിസാസ്റ്റർ റിസ്ക് റിഡക്ഷൻ എന്ന അദ്ധ്യായത്തിൽ നിന്നും എടുത്തത്)

പ്രളയജലം ഇരച്ചു കയറി വന്നപ്പോൾ മാത്രം ദുരന്തത്തെക്കുറിച്ചറിഞ്ഞ സാഹചര്യം സർവ്വേ വഴി ജനങ്ങൾ ഓഡിറ്റിനെ അറിയിച്ചു. ഓഡിറ്റിന്റെ പ്രയത്നം ഒരു തെറ്റു കണ്ടെത്തൽ ശ്രമത്തിനുപരിയായി ഭാവിയിൽ ദുരന്തസമയങ്ങളിൽ രക്ഷാപ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള ഒരു സൃഷ്ടിപരമായ വിമർശനമായി കണക്കാക്കേണ്ടതാണ്. കേരള സർക്കാരിന്റെ റീബിൽഡ് കേരള ഇനീഷിയേറ്റീവിന്റെ ആക്ഷൻ പ്ലാൻ ഫോർ റീബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാം ഓൺ 2018 ഫ്ളഡ്സിൽ സൂചിപ്പിക്കുന്നത് അപകട സാധ്യതകളെക്കുറിച്ചുള്ള വിവരങ്ങളുടെ പരിമിതവും നിയന്ത്രിതവുമായ വ്യാപനവും ദുരന്ത സാധ്യതയെക്കുറിച്ചുള്ള അവബോധമില്ലായ്മയും സംസ്ഥാനത്തെ ദുരന്തങ്ങളുടെ തീവ്രതയിലേയ്ക്ക് നയിച്ചു എന്നാണ്.

- ദൃശ്യമാധ്യമങ്ങൾ വഴി ജില്ല തിരിച്ചുള്ള കളർ കോഡുചെയ്ത അലർട്ടുകൾ പൊതു ജനങ്ങളിലേയ്ക്ക് പ്രചരിപ്പിച്ചിരുന്നു. ഇത്തരം കളർകോഡു ചെയ്ത അലർട്ടുകൾ സമയബന്ധിതമായി ജനങ്ങൾക്ക് പകർന്നു നൽകുന്നതിന്റെ ആവശ്യകത അടിവരയിട്ടു സൂചിപ്പിക്കുക എന്നതായിരുന്നു ഓഡിറ്റിന്റെ ഉദ്ദേശ്യം, ഓരോ അലർട്ടിന്റെയും അവസരത്തിൽ എങ്ങനെ പ്രതികരിക്കണമെന്നും ജനങ്ങളെ ബോധവൽക്കരിക്കേണ്ടതായിരുന്നു. ഇന്ത്യൻ കാലാവസ്ഥാ നിരീക്ഷണ കേന്ദ്രത്തിന്റെ കളർ കോഡിംഗ് സമ്പ്രദായം ഏതാനും വർഷങ്ങളായി നിലവിലുണ്ടായിരുന്നു. ദുരന്തപൂർവ്വ തയ്യാറെടുപ്പുകളുടെ ഭാഗമായി അധികാരികളിലും കേരളത്തിലെ പൊതുജനങ്ങളിലും പ്രത്യേകിച്ചും ദുരന്ത സാധ്യതയുള്ള പ്രദേശങ്ങളിലുള്ളവരിലും ഈ കോഡിംഗ് സമ്പ്രദായത്തെക്കുറിച്ചും അവയുടെ പ്രത്യാഘാതങ്ങളെക്കുറിച്ചും അവബോധം ഉണ്ടാക്കേണ്ടതായിരുന്നു.

- ശക്തമായും കാലേകൂട്ടിയുള്ളതും ആയ ഒരു മുന്നറിയിപ്പു സമ്പ്രദായവും മുൻകൂട്ടിയുള്ള സമയബന്ധിതമായ ഒഴിപ്പിക്കലും ഉണ്ടായിരുന്നു എങ്കിൽ ഒരു പക്ഷെ പലരുടെയും ജീവനോപാധികളായിരുന്ന വളർത്തു മൃഗങ്ങളെ സുരക്ഷിതമായ സ്ഥാനങ്ങളിലേയ്ക്ക് മാറ്റി രക്ഷിക്കാനാകുമായിരുന്നു എന്നും ഓഡിറ്റ് നിരീക്ഷിക്കുന്നു.




September 01, 2018
Alappuzha District

# അദ്ധ്യായം VI
# ഉപസംഹാരവും ശുപാർശകളും

# 6

# ഉപസംഹാരവും ശുപാർശകളും

## 6.1. ഉപസംഹാരം

2016-ലെ കേരള സംസ്ഥാന ദുരന്ത നിവാരണ പ്ലാൻ പ്രകാരം സംസ്ഥാനത്ത് രാജ്യത്തെ മറ്റു ഭാഗങ്ങളെ അപേക്ഷിച്ച് ദുരന്ത സാധ്യത കൂടുതലാണ്. റീബിൽഡ് കേരള വികസന പരിപാടിയിൽ പ്രതിപാദിച്ചിരിക്കുന്നതുപോലെ, കേരളത്തിലെ ജനങ്ങളെയും അടിസ്ഥാനസൗകര്യങ്ങളെയും പരിസ്ഥിതിയെയും ബാധിക്കുന്ന പ്രകൃതിദുരന്തങ്ങളിൽ ഏറ്റവും സാധാരണമായത് പ്രളയമാണ്. കൂടാതെ സംസ്ഥാനത്ത് പ്രളയം ആവർത്തന സ്വഭാവമുള്ളതും തീവ്രവുമായി മാറിക്കൊണ്ടിരിക്കുകയാണ്. പ്രളയ നിയന്ത്രണത്തിന്റെ പശ്ചാത്തലത്തിൽ മികച്ച ആസൂത്രണം, നിർവ്വഹണം, വിവിധ അധികാര സ്ഥാപനങ്ങളെ സമന്വയിപ്പിച്ചുകൊണ്ടുള്ള പരിശ്രമങ്ങൾ എന്നിവ ഉൾപ്പെടെയുള്ള സത്വര നടപടികൾ ഭാവിയിൽ മഹാമാരി, തീവ്ര പ്രളയം എന്നീ സാഹചര്യങ്ങളെ അഭിമുഖീകരിക്കാൻ സംസ്ഥാനത്തെ സജ്ജമാക്കും എന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

ജലവിഭവ വികസനത്തിനായുള്ള സംസ്ഥാനതല മാസ്റ്റർപ്ലാൻ തയ്യാറാക്കൽ, പ്രമുഖ നദികളുടെ മാസ്റ്റർപ്ലാൻ ആവിഷ്കരിക്കുക, നദീതട തലത്തിൽ ജലവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും ഏകോപിപ്പിക്കാൻ ഒരു സംസ്ഥാനതല അതോറിറ്റി രൂപീകരിക്കുക എന്നീ കാര്യങ്ങൾക്ക് മുൻഗണന കൊടുക്കേണ്ടതുണ്ട്. സംസ്ഥാനത്തെ പ്രളയ സമതലങ്ങൾ ഇനിയും വേർതിരിക്കേണ്ടതും പ്രളയ സമതല മേഖല സംബന്ധിച്ച നിയമനിർമാണം നടത്തേണ്ടതുമുണ്ട്. സംസ്ഥാനം വിശ്വസനീയമായ വലിയ അളവിലുള്ള ഫ്ളഡ് ഹസാർഡ് മാപ്പ് തയ്യാറാക്കുന്നതിനുള്ള മാർഗങ്ങൾ ആരായേണ്ടതാണ്. അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുകയും അഗ്നിശമന വിഭാഗത്തിലെ ഉദ്യോഗസ്ഥർക്ക് ഫലപ്രദമായി പ്രവർത്തിക്കുന്നതിന് ഉപകരണങ്ങളുടെ കുറവ് നികത്തുകയും വേണം. പ്രളയ പ്രവചന കേന്ദ്രങ്ങൾ മുൻഗണനാ ക്രമത്തിൽ സജ്ജമാക്കേണ്ടതും കൂടാതെ ഡിസിഷൻ സപ്പോർട്ട് സിസ്റ്റം പോലുള്ള സംവിധാനങ്ങൾ മുഖേന പരമാവധി മികച്ച ഫലങ്ങൾക്കായി തൽസമയ ഡേറ്റ എത്രയും വേഗം ലഭ്യമാക്കേണ്ടതുമുണ്ട്. നിശ്ചിത സമയ പരിധിക്കുള്ളിൽ പദ്ധതികളിൽ നിന്ന് പ്രതീക്ഷയ്ക്കൊത്ത ഫലം ഉറപ്പുവരുത്തുന്ന തരത്തിലായിരിക്കണം വെണ്ടറെ തെരഞ്ഞെടുക്കേണ്ടത്. ആശയവിനിമയ അടിസ്ഥാന സൗകര്യങ്ങളുടെ ഫലപ്രദമായ പ്രവർത്തനം എല്ലായ്പ്പോഴും പ്രത്യേകിച്ച് സംസ്ഥാനത്തുടനീളമുള്ള പ്രളയ സാധ്യതയുള്ള സ്ഥലങ്ങളിൽ ഉറപ്പുവരുത്തേണ്ടതുണ്ട്.

2018 ഓഗസ്റ്റിൽ കെ.എസ്.ഡി.എം.എയുടെ അഭിപ്രായം കൂടി പരിഗണിച്ചുകൊണ്ട് എഫ്.ആർ.എല്ലിന് നാലടി താഴെ (68.87 എം.സി.എം) ഒരു ഡൈനാമിക് ഫ്ളഡ് കുഷൻ ഏർപ്പെടുത്താമെന്ന കെ.എസ്.ഇ.ബി.എല്ലിന്റെ തീരുമാനത്തിന് ശേഷവും ഇടുക്കി റിസർവോയറിൽ നിന്ന് 467 എം.സി.എമ്മിന്റെ സ്പില്ലുകൾ ഒഴിവാക്കാനായില്ല. പ്രളയ ദുരന്തങ്ങൾ ഒഴിവാക്കാൻ പ്രധാന റിസർവോയറുകളിലെ പ്രവർത്തനങ്ങളിൽ, അടിയന്തിര സാഹചര്യങ്ങളിൽ ഒഴികെ, ഔട്ട്ഫ്ളോ, ഇൻഫ്ളോയേക്കാൾ അധികമാകാതിരിക്കാൻ അതീവ ശ്രദ്ധ ആവശ്യമാണ്. വിവിധ അണക്കെട്ടുകളുള്ള നദീതടങ്ങളിൽ ഏകീകൃതമായ റിസർവോയർ പ്രവർത്തനം ഉറപ്പുവരുത്തേണ്ടതുണ്ട്.

പെരിയാർ നദീതടത്തിലെ ഭൂവിനിയോഗ ഭൂആവരണ വ്യതിയാനങ്ങളുടെ വിശകലനത്തിൽ വെളിവാക്കപ്പെട്ടത് അടുത്ത കാലത്തുണ്ടായ കെട്ടിട നിർമ്മിത വിസ്തൃതിയിലെ ശ്രദ്ധേയമായ വർദ്ധനവും, ജലാശയങ്ങളുടെ കുറവും നദീതടങ്ങളെ പ്രളയ സാധ്യതയുള്ളതാക്കിത്തീർത്തു എന്നതാണ്. നദീജലത്തിന്റെ സ്വതന്ത്രമായ ഒഴുക്കിനെ തടസ്സപ്പെടുത്തുന്ന കയ്യേറ്റക്കാരെ ഒഴിപ്പിക്കുന്നതിനും സുഗമമായ സ്പിൽവേ പ്രവർത്തനങ്ങളെ ബാധിക്കുന്ന തടസ്സങ്ങൾ നീക്കം

ചെയ്യുന്നത് ഉറപ്പാക്കുന്നതിനും നിരന്തരമായ നിരീക്ഷണവും അവസരോചിതമായ നടപടികളും അനിവാര്യമാണ്.

2018-ലെ പ്രളയങ്ങളെ തുടർന്ന് എസ്.ഡി.ആർ.എഫിന്റെ കീഴിൽ നിർവ്വഹണത്തിനായി അംഗീകരിച്ച, ഉടനടി അറ്റകുറ്റപ്പണി നടത്തേണ്ടതും പുനഃസ്ഥാപിക്കേണ്ടതുമായ പ്രവൃത്തികൾ, രണ്ട് വർഷവും എട്ട് മാസവും കഴിഞ്ഞിട്ടും പൂർത്തീകരിക്കാതെ അവശേഷിക്കുന്നു. റവന്യൂ ദുരന്ത നിവാരണ വകുപ്പ്/ തദ്ദേശ സ്വയംഭരണ വകുപ്പ്/ജലവിഭവവകുപ്പ് എന്നിവയുടെ കർശനമായ നിരീക്ഷണത്തിലൂടെ പ്രളയങ്ങളുടെ അപകട സാധ്യത കുറയ്ക്കുവാൻ ഉദ്ദേശിച്ചുള്ള പ്രവൃത്തികൾ, കനാലുകളിലെ ഡ്രെഡ്ജിംഗ് ജോലികൾ എന്നിവയുടെ പുരോഗതി പരമാവധി മികച്ച ഫലം കിട്ടത്തക്കവണ്ണം സമയബന്ധിതമായി തീർക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടത് അത്യാവശ്യമാണ്.

## 6.2. ശുപാർശകൾ

സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ കണക്കിലെടുത്ത് പ്രളയ നിയന്ത്രണവുമായി ബന്ധപ്പെട്ട വിവിധ വശങ്ങൾ ഉൾപ്പെടുത്തി ദേശീയ ജലനയത്തിനനുസൃതമായി സംസ്ഥാന ജലനയത്തിന്റെ പരിഷ്ക്കരണം കേരള സർക്കാർ പരിഗണിക്കേണ്ടതാണ്. പ്രളയ സമതല മേഖലകൾ വേർതിരിക്കുന്നതിനായി ഒരു നിയമ നിർമ്മാണം കൊണ്ടു വരുന്നതിനുള്ള സാധ്യതയും, സംസ്ഥാനത്തെ പ്രളയ സമതല മേഖലകൾ കണ്ടെത്തുന്നതിനും വേർതിരിക്കുന്നതിനും പ്രസ്തുത പ്രദേശങ്ങളുടെ ഉപയോഗം നിരോധിക്കുകയോ നിയന്ത്രിക്കുകയോ ചെയ്യുവാനുമുള്ള ഒരു അതോറിറ്റി രൂപീകരിക്കുന്നതും പരിഗണിക്കേണ്ടതാണ്. അടിയന്തിര/ ദുരന്ത സാഹചര്യങ്ങളോട് പ്രതികരിക്കുന്നതിനായി വേണ്ടത്ര സിവിൽ ഡിഫൻസ് വോളന്റിയർമാരെ പരിശീലിപ്പിക്കുക, സജ്ജമാക്കുക എന്നീ ഉദ്ദിഷ്ട ലക്ഷ്യങ്ങൾ നിറവേറ്റുന്നതിനായി തൃശ്ശൂരിലെ സിവിൽ ഡിഫൻസ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സർക്കാർ ആരംഭിക്കേണ്ടതാണ്. ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് അക്കാദമിയിലേയും ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകളിലേയും ഉപകരണങ്ങൾ, വാഹനങ്ങൾ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ പര്യാപ്തത അവലോകനം ചെയ്യുന്നതിന് മുൻഗണന നൽകേണ്ടതും അങ്ങനെ വെള്ളപ്പൊക്കമോ മറ്റേതെങ്കിലും ദുരന്ത സാഹചര്യങ്ങളോ കൈകാര്യം ചെയ്യാൻ സർക്കാരിന്റെ സമർപ്പിത സേനയെ വേണ്ടത്ര സജ്ജമാക്കേണ്ടതുമാണ്.

മഴയെ സംബന്ധിച്ച വിവരങ്ങളുടെ കൃത്യത ഉറപ്പാക്കുന്നതിന് തൽസമയ ഡേറ്റ പുറപ്പെടുവിക്കാൻ ശേഷിയുള്ള മതിയായ എണ്ണം റെയിൻ ഗേജുകളുടെ ലഭ്യത സർക്കാർ ഉറപ്പാക്കേണ്ടതാണ്. ബാഹ്യസ്രോതസ്സുകൾ ഉൾപ്പെടെ എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള ഇൻപുട്ട് ഡേറ്റയുടെ യഥാസമയ ലഭ്യത ഉറപ്പാക്കിയതിനുശേഷം മാത്രമേ ഡിസിഷൻ സപ്പോർട്ട് സിസ്റ്റം തുടങ്ങിയവ പോലുള്ള പ്രളയം കൈകാര്യം ചെയ്യുന്നതിനായുള്ള സംവിധാനങ്ങളുടെ സമ്പാദനം/ സ്ഥാപനത്തിനായുള്ള പ്രോജക്ടുകളിൽ ഏർപ്പെടാൻ പാടുള്ളൂ. അണക്കെട്ട് സൈറ്റുകളിലേതുപോലുള്ള സുപ്രധാന നിർമ്മിതികൾക്ക് തകരാർരഹിത ആശയവിനിമയ അടിസ്ഥാന സൗകര്യം ഉണ്ടെന്നും സംസ്ഥാനത്തുടനീളമുള്ള പ്രളയസാധ്യതാ പ്രദേശങ്ങളിൽ ഏറ്റവും പ്രതികൂല സാഹചര്യങ്ങളിലും പ്രവർത്തിക്കാൻ ശേഷിയുള്ള വിവിധ തലങ്ങളിലുള്ള ആശയവിനിമയം ലഭ്യമാണെന്നും കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

റിസർവോയറുകളുടെ പ്രളയ നിയന്ത്രണ പ്രവർത്തനങ്ങൾ, അംഗീകരിച്ച റൂൾ കർവുകളുടെ അടിസ്ഥാനത്തിലാണെന്നും 2018-ലേതിനു സമാനമായ അതിതീവ്രമഴയുള്ള സന്ദർഭങ്ങൾ തത്ഫലമായുള്ള പ്രളയം ഒഴിവാക്കിക്കൊണ്ട് കൈകാര്യം ചെയ്യാൻ ഇടുക്കിയിലെയും ഇടമലയാറിലെയും 2020-ലെ അംഗീകരിച്ച റൂൾ കർവുകൾ പര്യാപ്തമാണെന്നും കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ഉറപ്പുവരുത്തേണ്ടതാണ്. കഴിഞ്ഞ കുറച്ചു പതിറ്റാണ്ടുകളിലായി ഭൂവിനിയോഗത്തിലുണ്ടായ കാതലായ മാറ്റം, സമീപകാലത്തുണ്ടായ പ്രളയത്തെ ബാധിച്ചത് കണക്കിലെടുത്ത്, പ്രളയ അപകടസാധ്യതയ്ക്ക് കാരണമായ

ഭൂവിനിയോഗത്തിലെ മാറ്റങ്ങൾ കുറയ്ക്കുന്നതിന് ആരംഭിച്ച നടപടികളുടെ പര്യാപ്തത അവലോകനം ചെയ്യുന്നതിന് സർക്കാർ അടിയന്തിര നടപടികൾ ആരംഭിക്കേണ്ടതാണ്. സംയോജിതവും സമഗ്രവുമായ ഒരു നിയമ നിർമ്മാണത്തിനും ഭൂവിനിയോഗ നയ രൂപീകരണത്തിനും ആവശ്യമായ നടപടികളും സർക്കാർ സ്വീകരിക്കേണ്ടതാണ്.

ചെറുതോണിയിലെ നിർമ്മാണരഹിതമേഖലയിൽ നിന്നും അനധികൃത നിർമ്മാണങ്ങൾ നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ വേഗത്തിൽ പരിഹരിക്കുന്നതിന് സർക്കാർ മുൻഗണന നൽകേണ്ടതാണ്. അതോടൊപ്പം ഇത്തരം മേഖലയ്ക്കുള്ളിൽ ഭാവിയിൽ പുതിയ നിർമ്മാണങ്ങളൊന്നും അനുവദിക്കില്ലെന്ന് ഉറപ്പുവരുത്തേണ്ടതുമുണ്ട്. കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിനെയും പരിസരപ്രദേശങ്ങളെയും സംരക്ഷിക്കുന്നതിനായി സമഗ്രമായ പ്രളയ ലഘൂകരണ പദ്ധതി പ്രകാരം ആസൂത്രണം ചെയ്യപ്പെട്ടതോ നിർമ്മാണത്തിലിരിക്കുന്നതോ ആയ പ്രവൃത്തികളുടെ പര്യാപ്തത, പുരോഗതിയുടെ വേഗത അവലോകനം ചെയ്യുക എന്നിവ ഉറപ്പുവരുത്തേണ്ടതാണ്; അതു വഴി, ഈ പ്രദേശത്ത് അതിശക്തമായ മഴയോ പ്രളയമോ ഉണ്ടാകുമ്പോൾ ജീവനും സ്വത്തിനും നഷ്ടം സംഭവിക്കാനുള്ള സാധ്യത കുറയ്ക്കാനാകും. പ്രളയജലം തടസ്സമില്ലാതെ കടലിലേയ്ക്ക് ഒഴുകി പോകുന്നുണ്ടെന്ന് ഉറപ്പാക്കുവാൻ തോട്ടപ്പള്ളി സ്പിൽവേയുടെ അപ്സ്ട്രീമിലുള്ള ലീഡിംഗ് ചാനലിന്റെ ആഴം കൂട്ടുക, അഴിമുഖത്ത് മണൽത്തിട്ടകൾ രൂപപ്പെടുന്ന പക്ഷം, അത് യഥാസമയം നീക്കം ചെയ്യുക എന്നീ പ്രവൃത്തികൾക്ക് സർക്കാർ മുൻഗണന നൽകേണ്ടതും ഇങ്ങനെയുള്ള പ്രവൃത്തികൾ ചെയ്യുമ്പോൾ പരിസ്ഥിതിയുമായി ബന്ധപ്പെട്ട നിലവിലെ നിർദ്ദേശങ്ങൾക്ക് ഉചിതമായ പരിഗണന നൽകേണ്ടതുമാണ്. സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ നിന്നും ധനസഹായം ലഭിക്കുന്ന അടിയന്തിരസ്വഭാവമുള്ള പ്രവൃത്തികൾ മുൻഗണനാടിസ്ഥാനത്തിൽ പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ, പ്രവൃത്തികൾ കാലാനുസൃതമായി നിരീക്ഷിക്കുന്നതിനുള്ള ഒരു സംവിധാനം സ്ഥാപിക്കേണ്ടതാണ്.

**(അനിം ചെറിയാൻ)**

**തിരുവനന്തപുരം,** **പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ**

**2021 ഒക്ടോബർ 05** **(ഓഡിറ്റ് – I), കേരള**

**മേലൊപ്പിട്ടത്**

**(ഗിരീഷ് ചന്ദ്ര മുർമു)**

**ന്യൂഡൽഹി,**

**2021 ഒക്ടോബർ 12** **ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ**



2018 ഓഗസ്റ്റ് 19
ആലപ്പുഴ ജില്ല

# അനുബന്ധങ്ങൾ



## അനുബന്ധം 1.1

## ഓഡിറ്റിൽ ഉൾപ്പെടുത്തിയ സ്ഥാപനങ്ങളുടെ പട്ടിക

*(പരാമർശം: ഖണ്ഡിക 1.4)*

| ക്രമ നമ്പർ | ജില്ലയുടെ പേര് | ഓഡിറ്റിൽ ഉൾപ്പെടുത്തിയ സ്ഥാപനങ്ങളുടെ പേര് |
|---|---|---|
| 1. | ആലപ്പുഴ | ജില്ലാ ദുരന്ത നിവാരണ അതോറിറ്റി, ജില്ലാ എമർജൻസി ഓപ്പറേഷൻസ് സെന്റർ, ചെങ്ങന്നൂർ താലൂക്ക്, കുട്ടനാട് താലൂക്ക്, മേജർ ഇറിഗേഷൻ ഡിവിഷൻ, മൈനർ ഇറിഗേഷൻ ഡിവിഷൻ, മെക്കാനിക്കൽ ഡിവിഷൻ, ചീഫ് എഞ്ചിനീയർ കുട്ടനാട് പാക്കേജ്, കുട്ടനാട് ഡെവലപ്പ്മെന്റ് ഡിവിഷൻ, തണ്ണീർമുക്കം, തകഴിയിലെയും ചെങ്ങന്നൂരിലെയും ഫയർ സ്റ്റേഷനുകൾ |
| 2. | എറണാകുളം | ജില്ലാ ദുരന്ത നിവാരണ അതോറിറ്റി, ജില്ലാ എമർജൻസി ഓപ്പറേഷൻസ് സെന്റർ, ആലുവ താലൂക്ക്, പറവൂർ താലൂക്ക്, ആലുവ നെടുമ്പാശ്ശേരി സ്പെഷ്യൽ തഹസിൽദാറിന്റെ ഓഫീസ്, നെടുമ്പാശ്ശേരി വില്ലേജ് ഓഫീസ്, മേജർ ഇറിഗേഷൻ ഡിവിഷൻ, മൈനർ ഇറിഗേഷൻ ഡിവിഷൻ, ആലുവയിലെയും നോർത്ത് പറവൂരിലെയും ഫയർ സ്റ്റേഷനുകൾ, ഇടമലയാർ അണക്കെട്ട്, ഭൂതത്താൻ കെട്ട് ബാരേജ്, സെൻട്രൽ വാട്ടർ കമ്മീഷന്റെ റീജിയണൽ ഓഫീസ് |
| 3. | ഇടുക്കി | ജില്ലാ ദുരന്ത നിവാരണ അതോറിറ്റി, ജില്ലാ എമർജൻസി ഓപ്പറേഷൻസ് സെന്റർ, ഇടുക്കി താലൂക്ക്, ദേവികുളം താലൂക്ക്, മേജർ ഇറിഗേഷൻ ഡിവിഷൻ, മൈനർ ഇറിഗേഷൻ ഡിവിഷൻ, ഇടുക്കി അണക്കെട്ട്, ലോവർ പെരിയാർ അണക്കെട്ട്, മാട്ടുപ്പെട്ടി അണക്കെട്ട്, കല്ലാർകുട്ടി അണക്കെട്ട്, ഫയർ സ്റ്റേഷനുകൾ |
| 4. | തൃശ്ശൂർ | ജില്ലാ ദുരന്ത നിവാരണ അതോറിറ്റി, ജില്ലാ എമർജൻസി ഓപ്പറേഷൻസ് സെന്റർ, ചാലക്കുടി താലൂക്ക്, തലപ്പിള്ളി താലൂക്ക്, മേജർ ഇറിഗേഷൻ ഡിവിഷൻ, മൈനർ ഇറിഗേഷൻ ഡിവിഷൻ, വാഴാനി അണക്കെട്ട്, പൊരിങ്ങൽക്കുത്ത് അണക്കെട്ട്, ലോവർ ഷോളയാർ അണക്കെട്ട്, സിവിൽ ഡിഫൻസ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് അക്കാദമി |
| 5. | തിരുവനന്തപുരം | റവന്യൂ ദുരന്ത നിവാരണ വകുപ്പ്, ജലവിഭവ (ജലസേചന) വകുപ്പ്, ധനകാര്യവകുപ്പ്, ഗതാഗത വകുപ്പ്, കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, സംസ്ഥാന എമർജൻസി ഓപ്പറേഷൻസ് സെന്റർ, ഇന്ത്യ മെറ്റിരിയോളജിക്കൽ വകുപ്പ്, ഫയർ ആന്റ് റെസ്ക്യൂ ആസ്ഥാനം, ചീഫ് എഞ്ചിനീയർ ഇറിഗേഷൻ, ഡിസൈൻ ആന്റ് റിസർച്ച് ബോർഡ്, ചീഫ് എഞ്ചിനീയർ ഇറിഗേഷൻ ആന്റ് അഡ്മിനിസ്ട്രേഷൻ, ചീഫ് എഞ്ചിനീയർ മെക്കാനിക്കൽ, ചീഫ് എഞ്ചിനീയർ പ്രോജക്ട്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റ്, ഡാം സേഫ്റ്റി ഓർഗനൈസേഷൻ, കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്, ലാന്റ് യൂസ് ബോർഡ്, ലാന്റ് റവന്യൂ കമ്മീഷണറേറ്റ്. |
| 6. | കെ.എസ്.ഇ.ബി.എല്ലിന്റെ ഡാം സേഫ്റ്റി ഓർഗനൈസേഷൻ, പള്ളം, കോട്ടയം ജില്ല | |

## അനുബന്ധം 2.1

## ഓഡിറ്റ് പരിശോധിച്ച ജില്ലകളിൽ ശ്രദ്ധയിൽപ്പെട്ട ജലാശയങ്ങളിലെ കയ്യേറ്റങ്ങളുടെയും വകുപ്പ് അതിൻമേൽ എടുത്ത നടപടികളുടെയും വിശദാംശങ്ങൾ*

***(പരാമർശം: ഖണ്ഡികകൾ 2.1, 2.3, 4.1)***

<table>
<tr><th>ക്രമ നമ്പർ</th><th>സ്ഥല വിവരം</th><th>കയ്യേറ്റങ്ങളുടെ എണ്ണം</th><th>കയ്യേറ്റ ഭൂമിയുടെ അളവ് (ഹെക്ടർ)</th><th>പരാതികൾ ലഭിച്ചിട്ടുണ്ടോ</th></tr>
<tr><td>1.</td><td>ഇടുക്കി ജില്ലയിലെ അടിമാലി-വാളറ ഭാഗത്തുള്ള ദേവിയാർപുഴ (സർവ്വെ നമ്പർ 205, 206)</td><td>23</td><td>0.2221</td><td>അതെ, 8 എണ്ണം, 2013 മുതൽ 2016 വരെ</td></tr>
<tr><td colspan="5">ദേവിയാർ പുഴയിലെ കയ്യേറ്റങ്ങളെ സംബന്ധിച്ച് ദേവികുളം താലൂക്ക് ഓഫീസിൽ സൂക്ഷിച്ചിരിക്കുന്ന 11 ഫയലുകൾ പ്രവർത്തനക്ഷമത ഓഡിറ്റ് പാർട്ടി പരിശോധിച്ചു. ഈ ഫയലുകളെല്ലാം നദീതീരം കൈയ്യേറി, നദിയുടെ സ്വതന്ത്രമായ ഒഴുക്ക് തടസ്സപ്പെടുത്തി കെട്ടിടങ്ങൾ അനധികൃതമായി നിർമ്മിച്ചത് സംബന്ധിച്ച് പ്രദേശവാസികളും വിവിധ വകുപ്പുകളും നൽകിയ പരാതികളുമായി ബന്ധപ്പെട്ടിട്ടുള്ളതാണ്. എന്നിരുന്നാലും, പ്രദേശം പരിശോധിച്ച് കയ്യേറ്റത്തിന്റെ വ്യാപ്തി കണ്ടെത്തുന്നതിനുള്ള യാതൊരു നടപടിയും സ്വീകരിച്ചിരുന്നില്ല. ദേവിയാർ പുഴയിൽ ബഹുനിലകെട്ടിടങ്ങൾ നിർമ്മിച്ചുകൊണ്ട് നടത്തിയ കയ്യേറ്റങ്ങളെക്കുറിച്ച് പോലീസ് സൂപ്രണ്ട് (ഇന്റലിജൻസ്), സ്പെഷ്യൽ സിഐഡി, തിരുവനന്തപുരം ഇടുക്കി ജില്ലാ കളക്ടർമാർക്ക് റിപ്പോർട്ട് ചെയ്യുകയും (2012 ഡിസംബർ) ഇത്തരം കയ്യേറ്റങ്ങൾ ഒഴിപ്പിച്ചില്ലെങ്കിൽ ആ പ്രദേശത്ത് കൂടുതൽ കയ്യേറ്റങ്ങളുണ്ടാകാനിടയുണ്ടെന്ന് മുന്നറിയിപ്പ് നൽകുകയും ചെയ്തു. മന്നംകണ്ടം വില്ലേജിലെ ഒരു കേസിൽ, ദേവിയാർ പുഴയുടെ തീരത്ത് ഇരുമ്പുപാലത്തിനടുത്തുള്ള അടിമാലി-വാളറ ഭാഗത്ത് 23 കയ്യേറ്റങ്ങൾ (0.2221 ഹെക്ടർ) ഉണ്ടെന്ന് മന്നംകണ്ടം വില്ലേജിലെ വില്ലേജ് ഓഫീസർ, പ്രാഥമികാന്വേഷണത്തിനു ശേഷം റിപ്പോർട്ട് നൽകിയിരുന്നു (2015 ജനുവരി). അഞ്ചു വർഷത്തിലധികമായി കയ്യേറ്റക്കാർ ആ ഭൂമി കൈവശം വച്ചിരിക്കുകയായിരുന്നു. ഇക്കാര്യത്തിൽ യാതൊരു തുടർ നടപടികളും ഉണ്ടായിട്ടില്ല. നദീതീരം കയ്യേറി വലിയ കെട്ടിടങ്ങൾ നിർമ്മിച്ചത്, നദിയുടെ വീതി ഒരു ഇടുങ്ങിയ ഭാഗത്തേക്കായി കുറയ്ക്കുകയും അതുവഴി നദിയുടെ സ്വതന്ത്രമായ ഒഴുക്കിനെ തടസ്സപ്പെടുത്തിയത് 2018-ലെ പ്രളയത്തിൽ സമീപസ്ഥലങ്ങൾ വെള്ളത്തിനടിയിലാകുന്നതിനു കാരണമായതായി ഓഡിറ്റ് നടത്തിയ സംയുക്ത സ്ഥലപരിശോധനയിൽ (2019 ഡിസംബർ) വെളിപ്പെട്ടു. നദിയുടെ അതിർത്തികൾ നിർണ്ണയിച്ച് കയ്യേറ്റക്കാരെ കണ്ടെത്തുന്നതിനും ഒഴിപ്പിക്കുന്നതിനും യാതൊരു സർവ്വേയും നടത്തിയിട്ടില്ല. നദീതീരങ്ങളിലെയും മറ്റ് ജലാശയങ്ങളിലെയും കയ്യേറ്റങ്ങളെ സംബന്ധിച്ച് ദേവികുളം താലൂക്ക് ഓഫീസിൽ 2018-2019 വരെ ലഭിച്ച 53 പരാതികളിലും കെ.എൽ.സി കേസുകളിലും നിന്ന് ഒരെണ്ണം മാത്രമാണ് നാളിതുവരെ ഒഴിപ്പിച്ചതെന്ന് താലൂക്ക് ഓഫീസർ, ദേവികുളം താലൂക്ക് മറുപടി നൽകി. മറ്റു കേസുകൾ സർവ്വേയറുടെയോ വില്ലേജ് ഓഫീസറുടെയോ ഓഫീസിൽ തീർപ്പുകൽപ്പിക്കപ്പെടാതിരിക്കുകയാണ്.</td></tr>
<tr><td>2.</td><td>തൃശ്ശൂർ ജില്ലയിലെ കനോലി കനാൽ</td><td>832</td><td>17.97</td><td>അതെ, 2008 മെയിൽ</td></tr>
<tr><td colspan="5">കേരളത്തിന്റെ പടിഞ്ഞാറൻ തീര കനാൽ ശൃംഖലയുടെ ഭാഗമായ കനോലി കനാൽ, തീരപ്രദേശത്തെ നദികളെയും അരുവികളെയും ബന്ധിപ്പിച്ചാണ് നിർമ്മിച്ചിരിക്കുന്നത്. തൃശ്ശൂർ ജില്ലയിൽ ഈ കനാൽ കൊടുങ്ങല്ലൂർ താലൂക്കിൽ നിന്നാരംഭിച്ച് കൊടുങ്ങല്ലൂർ, തൃശ്ശൂർ, ചാവക്കാട്, മുകുന്ദപുരം എന്നീ താലൂക്കുകൾ വഴി കടന്നു പോകുന്നു. കനോലി കനാലിലെ ഭൂമികയ്യേറ്റവുമായി ബന്ധപ്പെട്ട ഒരു പരാതി (2008 മെയ്) തിരുവനന്തപുരത്തെ മുഖ്യമന്ത്രിയുടെ പൊതുജനപരാതി പരിഹാര സെല്ലിൽ ലഭിച്ചിരുന്നു. സമയബന്ധിതമായി പരാതി തീർപ്പാക്കണമെന്നും കയ്യേറ്റക്കാർക്കെതിരെ ശക്തമായ നടപടിയെടുക്കണമെന്നും മുഖ്യമന്ത്രി ഉത്തരവിട്ടിരുന്നു. തൃശ്ശൂർ ജില്ലയിലെ നാല് താലൂക്കുകളിലായി കനാലിന്റെ വശങ്ങളിൽ 17.9673 ഹെക്ടർ വിസ്തൃതിയിൽ 832 കയ്യേറ്റങ്ങൾ നടന്നതായി ഡെപ്യൂട്ടി ഡയറക്ടർ, സർവ്വേ, തൃശ്ശൂർ (2011 ജനുവരി) ജില്ലാ കളക്ടറെ അറിയിച്ചു. കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിലേക്കായി എല്ലാ കയ്യേറ്റങ്ങളുടെയും രേഖാചിത്രങ്ങൾ സഹിതമുള്ള വിശദാംശങ്ങൾ തൃശ്ശൂരിലെ അഡീഷണൽ ഇറിഗേഷൻ ഡിവിഷന് കൈമാറിയതായി തൃശ്ശൂർ ജില്ലാ കളക്ടർ റവന്യൂ വകുപ്പിനെ അറിയിച്ചിരുന്നു (2011 ഓഗസ്റ്റ്). കനോലി കനാലിനെ 2016-ൽ ദേശീയ ജലപാത 3 ആയി പ്രഖ്യാപിച്ചതിനാൽ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നത് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ ഏറ്റെടുക്കും എന്ന് തൃശ്ശൂർ ജില്ലാ കളക്ടർക്ക്, എക്സിക്യൂട്ടീവ് എൻജിനീയർ, അഡീഷണൽ ഇറിഗേഷൻ ഡിവിഷൻ, തൃശ്ശൂർ റിപ്പോർട്ട് നൽകിയിരുന്നു. എന്നാൽ കയ്യേറ്റങ്ങൾ കണ്ടെത്തി ഒൻപത് വർഷത്തിന് ശേഷവും അവ ഒഴിപ്പിക്കാതെ തുടരുന്നു എന്ന വസ്തുത നിലനിൽക്കുന്നു. ചാവക്കാട് താലൂക്കിൽ വെച്ച് കനോലി കനാലിൽ നടത്തിയ സംയുക്ത സ്ഥല പരിശോധനയിൽ (2019 ഡിസംബർ) കനാലിന്റെ ഇരുവശങ്ങളിലും കനാലിനു കുറുകെയും വ്യാപകമായി തെങ്ങുകൾ നട്ടുപിടിപ്പിക്കുകയും കനാലിന്റെ സ്വതന്ത്രമായ ഒഴുക്കിനെ തടസ്സപ്പെടുത്തുകയും വഴി തിരിച്ചു വിടുകയും ചെയ്തിരുന്നതായും വെളിപ്പെട്ടു. കനാലിന്റെ ആറു മീറ്ററോളം മണലിട്ട് നികത്തുകയും സ്വകാര്യ ആവശ്യങ്ങൾക്കായി വേലി കെട്ടുകയും ചെയ്തു. കനാലിന് സമീപത്തുള്ള പ്രദേശങ്ങളിൽ 2018-ൽ പ്രളയം ഉണ്ടായതായും തങ്ങളെ ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് മാറ്റിയിരുന്നതായും പ്രദേശവാസികൾ അറിയിച്ചു.</td></tr>
<tr><td>3.</td><td>തൃശ്ശൂരിലെ നമ്പ്യാർ പള്ളത്തെ ഭാരതപ്പുഴ</td><td>11</td><td>0.5136</td><td>അതെ, 2019 മാർച്ചിൽ</td></tr>
<tr><td colspan="5">2017 മാർച്ചിൽ നമ്പ്യാർ പള്ളം പ്രദേശത്തെ ഭാരതപ്പുഴയുടെ കയ്യേറ്റം സംബന്ധിച്ച് തൃശ്ശൂർ ജില്ലാ കളക്ടറേറ്റിൽ ഒരു പരാതി ലഭിച്ചു. നമ്പ്യാർ പള്ളം പ്രദേശത്ത് ഭാരതപ്പുഴയിൽ കയ്യേറ്റങ്ങൾ ഉണ്ടെന്ന് തലപ്പിള്ളി തഹസിൽദാർ (ഭൂരേഖ) (2017 ജൂൺ) പ്രാഥമിക അന്വേഷണ റിപ്പോർട്ട് നൽകിയിരുന്നെങ്കിലും നദീപുറമ്പോക്ക് തിരിക്കാനാവശ്യമായ പ്രകൃത്യാലുള്ള അതിരുകളോ സർവ്വേകല്ലുകളോ ഉണ്ടായിരുന്നില്ല. 2018 ഡിസംബറിൽ പ്രദേശത്തിന്റെ സർവ്വേ നടത്തിയ ശേഷം തലപ്പിള്ളി തഹസിൽദാർ, നമ്പ്യാർ പള്ളം പ്രദേശത്ത് 0.5136 ഹെക്ടർ വിസ്തൃതിയിൽ 11 കയ്യേറ്റങ്ങൾ കണ്ടെത്തുകയും ആ സ്ഥലത്ത് സർവേക്കല്ലുകൾ സ്ഥാപിക്കുന്നതിന് ചെലവാക്കിയ ₹28,000 അനുവദിക്കുന്നതിലേക്ക് ജില്ലാ കളക്ടറിനോട് അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു. റിവർ മാനേജ്മെന്റ് ഫണ്ടിൽ തുക ഉണ്ടായിരുന്നെങ്കിലും ഈ തുക നാളിതുവരെ അനുവദിച്ചിട്ടില്ല (2019 സെപ്റ്റംബർ). എട്ട് മുതൽ 40 വർഷങ്ങളായി കയ്യേറ്റക്കാർ ഭൂമി കൈവശം വെച്ചിരിക്കുകയായിരുന്നു. നദിയിലെ കയ്യേറ്റം സംബന്ധിച്ച പരാതി 2017 മാർച്ചിൽ ലഭിച്ചുവെങ്കിലും കൈയ്യേറ്റത്തിന്റെ വ്യാപ്തി തിരിച്ചറിയുന്നതിനുള്ള സർവ്വേ 2018 ഡിസംബറിൽ മാത്രമാണ് നടത്തിയതെന്നും യാതൊരു തുടർനടപടികളും ഉണ്ടായിട്ടില്ലെന്നും ഓഡിറ്റ് നിരീക്ഷിച്ചു (2019 സെപ്റ്റംബർ).</td></tr>
</table>

<table>
<tr><th>ക്രമ നമ്പർ</th><th>സ്ഥല വിവരം</th><th>കയ്യേറ്റങ്ങളുടെ എണ്ണം</th><th>കയ്യേറ്റ ഭൂമിയുടെ അളവ് (ഹെക്ടർ)</th><th>പരാതികൾ ലഭിച്ചിട്ടുണ്ടോ</th></tr>
<tr><td>4.</td><td>ഉത്തരപ്പള്ളിയാർ നദി (ആലപ്പുഴ)</td><td>47</td><td>വിവരങ്ങൾ ലഭ്യമല്ല</td><td>അതെ, 2007-ലും 2015-ലും</td></tr>
<tr><td colspan="5">വെൺമണി, ആല, ചെറിയനാട്, പുലിയൂർ, എണ്ണക്കാട് എന്നീ വില്ലേജുകളിലൂടെയുള്ള നദിയുടെ സ്വാഭാവിക ഗതിയെ ഇടയ്ക്കിടെയുള്ള കയ്യേറ്റങ്ങൾ തടസ്സപ്പെടുത്തിയിരുന്നു. 2017 ഏപ്രിലിൽ പുനരുജ്ജീവന പ്രവൃത്തികളുടെ ഭാഗമായി, നദിയുടെ സർവ്വേ നടത്തുന്നതിനും അതിരുകൾ തിരിക്കുന്നതിനുമായുള്ള ശ്രമം നടത്തിയിരുന്നു. 2007 ലും 2015 ലും പരാതികൾ ലഭിച്ചിരുന്നെങ്കിലും സർവ്വേയ്ക്കും അതിർത്തി നിർണ്ണയത്തിനും വേണ്ടി റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും ധനം സ്വരൂപിച്ച് 2017 ഏപ്രിൽ 17-നു ഉത്തരപ്പള്ളിയാർ പുനരുജ്ജീവന കാമ്പയിൻ ആരംഭിച്ചപ്പോൾ മാത്രമാണ് റവന്യൂ വകുപ്പ് ഇതു സംബന്ധിച്ച നടപടികൾ ആരംഭിച്ചത്. എന്നാൽ നദിയുടെ ഗതിയെ സംബന്ധിക്കുന്ന വിവരം റീസർവ്വേ രേഖകളിൽ ഇല്ലാതിരുന്നതു കാരണം മൂന്ന് വില്ലേജുകളിൽ സർവ്വേ നടത്താൻ സാധിച്ചില്ല. റീസർവ്വേയ്ക്ക് മുൻപുള്ള രേഖകളും ലിത്തോമാപ്പുകളും ഉപയോഗിച്ച് ഒരു പുതിയ സർവ്വേ നടത്തി നദിയുടെ അതിർത്തി നിർണ്ണയിക്കാത്ത പക്ഷം കയ്യേറ്റങ്ങളെ ഫലപ്രദമായി നിയന്ത്രിക്കുവാനും നദിയുടെ ഗതിയെ പുനരുജ്ജീവിപ്പിക്കുവാനും സാധിക്കുകയില്ല. അഞ്ചു വില്ലേജുകളിലൂടെയുള്ള നദിയുടെ പ്രവാഹത്തെ പുനഃസ്ഥാപിക്കുന്നതിന്റെ സാധ്യതയെ സംബന്ധിച്ചുള്ള വിശദമായ റിപ്പോർട്ട് ജില്ലാ കളക്ടറോട് ലാൻഡ് റവന്യൂ കമ്മീഷണർ ആവർത്തിച്ചാവശ്യപ്പെട്ടുവെങ്കിലും രേഖകളിൽ പ്രതികരണമൊന്നും കണ്ടില്ല (2019 ഡിസംബർ). അച്ചൻകോവിൽ, പമ്പാ എന്നീ നദികളിലെ ജലനിരപ്പിനെ തുലനം ചെയ്യുന്നതിൽ നിർണ്ണായക പങ്കു വഹിക്കുന്ന നദി എന്ന നിലയിൽ നദിയുടെ നിശ്ചലാവസ്ഥ ഈ വില്ലേജുകളിൽ 2018-ൽ പ്രളയത്തിന് കാരണമായി.</td></tr>
<tr><td>5.</td><td>കൂട്ടമ്പേരൂർ നദി (ആലപ്പുഴ)</td><td>വിവരങ്ങൾ ലഭ്യമല്ല</td><td>വിവരങ്ങൾ ലഭ്യമല്ല</td><td>അതെ, 2008 മെയിൽ</td></tr>
<tr><td colspan="5">ചെങ്ങന്നൂർ താലൂക്കിലെ എണ്ണക്കാട്, മാന്നാർ വില്ലേജുകളിലൂടെയാണ് നദി ഒഴുകുന്നത്. ഈ നദിക്ക് ആലപ്പുഴ ജില്ലയിൽ 7.2 കിലോമീറ്റർ നീളമുണ്ട്. നദിയുടെ ഇരുകരകളിലും കണ്ടെത്തിയ തുടർച്ചയായ കയ്യേറ്റങ്ങൾ നദിയുടെ യഥാർത്ഥ വീതിയായിരുന്ന 70 മീറ്ററിൽ നിന്ന് 15 മീറ്റർ മുതൽ 20 മീറ്റർ വരെയായി ചുരുങ്ങുന്നതിന് കാരണമായി. 2018-ലെ പ്രളയം വരെ നദിയുടെ മുഴുവൻ സ്ട്രെച്ചിലും ഒരു സർവ്വേയും നടത്തിയിരുന്നില്ല. 2018-ലെ പ്രളയം നദി ഒഴുകിയിരുന്ന വില്ലേജുകളെ സാരമായി ബാധിച്ചിരുന്നു. നബാർഡിന്റെ സഹായത്തോടുകൂടിയുള്ള പദ്ധതിയുടെ കീഴിൽ നദിയുടെ പുനരുജ്ജീവനം ജലസേചന വകുപ്പ് ഏറ്റെടുത്തത്, (2019 മാർച്ച്) ഇനിയും പൂർത്തിയാക്കിയിട്ടില്ല (2020 ജൂൺ).</td></tr>
<tr><td colspan="5">6. ശ്രദ്ധേയമായ തരത്തിലുള്ള കയ്യേറ്റങ്ങൾ ജില്ലയിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല എന്ന് എറണാകുളം ജില്ലാ കളക്ടർ പ്രസ്താവിച്ചു. എന്നാൽ, നദീതീരങ്ങളിലെ നിയമാനുസൃതമല്ലാത്ത കയ്യേറ്റങ്ങൾ കണ്ടെത്തുന്നതിന് നദിയുടെ സർവ്വേ നടത്തപ്പെടേണ്ടതുണ്ട് എന്നിരിക്കെ ഈ ന്യായീകരണം അംഗീകരിക്കാവുന്നതല്ല. എന്നാൽ തെരഞ്ഞെടുക്കപ്പെട്ട താലൂക്കുകളിലൊന്നായ പറവൂരിലെ ജലാശയങ്ങളിൽ ഇത്തരത്തിലുള്ള ഒരു സർവ്വേയും നടത്തിയിരുന്നില്ല എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. സർവ്വേയുടെയും നദികളുടെ അതിർത്തി നിർണ്ണയത്തിന്റെയും അഭാവത്തിൽ കയ്യേറ്റങ്ങളുടെ കണ്ടെത്തൽ സാധ്യമല്ല.</td></tr>
</table>

* അതാത് ഫീൽഡ് ഓഫീസുകളിലെ ഫയലുകളുടെ പരിശോധന ആധാരമാക്കി

## അനുബന്ധം 2.2

### കേരള ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് അക്കാദമിയിൽ ഉപകരണങ്ങൾ, വാഹനങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ കുറവ് കാണിക്കുന്ന പട്ടിക

*(പരാമർശം: ഖണ്ഡിക 2.6)*

| ക്രമ നമ്പർ | കുറവിന്റെ സ്വഭാവം | വിവരണം | കൈവശമുള്ളതിന്റെ എണ്ണം | കുറവുള്ളതിന്റെ എണ്ണം |
|---|---|---|---|---|
| 1. | | ട്രെയിലർ പമ്പ് | 5 | ഇല്ല |
| 2. | | പോർട്ടബിൾ പമ്പ് (സർവ്വീസ് ചെയ്യാവുന്നത്) | 1 | ഇല്ല |
| 3. | | ജനറേറ്റർ (230 വോൾട്ട്) | 1 | ഇല്ല |
| 4. | | ബി.എ സെറ്റ് (സർവ്വീസ് ചെയ്യാവുന്നത്) | 8 | 50 |
| 5. | | സ്കൂബ സെറ്റ് (സർവ്വീസ് ചെയ്യാവുന്നത്) | 3 | 20 |
| 6. | | ബി.എ കംപ്രസ്സർ സെറ്റ് (സർവ്വീസ് ചെയ്യാവുന്നത്) | 1 | 2 |
| 7. | | ഫ്ളോട്ട് പമ്പ് | 2 | ഇല്ല |
| 8. | | ഹൈഡ്രോളിക് എക്യുപ്മെന്റ് സെറ്റ് (സർവ്വീസ് ചെയ്യാവുന്നത്) | 1 | 1 |
| 9. | | ചെയിൻ സോ (സർവ്വീസ് ചെയ്യാവുന്നത്) | 2 | 10 |
| 10. | | കോൺക്രീറ്റ് കട്ടറുകൾ (സർവ്വീസ് ചെയ്യാവുന്നത്) | 2 | 3 |
| 11. | | ഒ.ബി. എൻജിനോടു കൂടിയ റബ്ബർ ബോട്ട് | ഇല്ല | 2 |
| 12. | | ഫൈബർ ബോട്ട് | ഇല്ല | 2 |
| 13. | | ഫയർ ഫൈറ്റിങ്ങ് സ്യൂട്ട് | ഇല്ല | 70 |
| 14. | | കെമിക്കൽ സ്യൂട്ടുകൾ | ഇല്ല | 25 |
| 15. | | ന്യൂമാറ്റിക് റെസ്ക്യൂ ടൂളുകൾ | ഇല്ല | 2 സെറ്റ് |
| 16. | ഉപകരണങ്ങൾ | ഹൈ പ്രഷർ പോർട്ടബിൾ പമ്പുകൾ | ഇല്ല | 3 |
| 17. | | റോപ്പ് റെസ്ക്യൂ കിറ്റ് ആന്റ് അക്സസ്സറീസ് | ഇല്ല | 10 സെറ്റ് |
| 18. | | ലൈഫ് ഡിറ്റക്റ്ററുകൾ | ഇല്ല | 5 |
| 19. | | ഡിമോളിഷൻ ഹാമ്മറുകൾ | ഇല്ല | 3 സെറ്റ് |
| 20. | | തെർമൽ ഇമേജിംഗ് ക്യാമറകൾ | ഇല്ല | 3 |
| 21. | | എക്സ്റ്റിംഗ്യൂഷറുകൾ | ഇല്ല | 50 |
| 22. | | റോപ്പ് ലോഞ്ചർ | ഇല്ല | 2 |
| 23. | | ലീക്ക് അറസ്റ്റ് കിറ്റ് | ഇല്ല | 5 |
| 24. | | കാനിസ്റ്റർ | ഇല്ല | 20 |
| 25. | | ഇൻഫ്ളേറ്റബിൾ ടെന്റ് | ഇല്ല | 2 |
| 26. | | ഇൻഫ്ളേറ്റബിൾ ലൈറ്റ് | 1 | 3 |
| 27. | | പോർട്ടബിൾ വാട്ടർ മിസ്റ്റ് | ഇല്ല | 5 |
| 28. | | എക്സോസ്റ്റ് ബ്ലോവർ | ഇല്ല | 2 |
| 29. | | അടിസ്ഥാന ജീവൻരക്ഷാ യന്ത്രങ്ങൾ<br>മാനെകിൻ, എ.ഇ.ഡി തുടങ്ങിയവ<br>ചോക്കിംഗ് അറസ്റ്റർ കിറ്റുകൾ<br>സ്ട്രെച്ചറുകൾ തുടങ്ങിയവ | ഇല്ല<br>2 | 3 സെറ്റ് വീതം<br>10 |
| 30. | | മൾട്ടി പർപ്പസ് റെസ്ക്യൂ ടൂളുകൾ | 1 | ഇല്ല |
| 31. | | ഫയർ ടെണ്ടർ | 1 | ഇല്ല |
| 32. | | മൊബിലൈസിംഗ് ബസ് (പഴയത് – ഉപേക്ഷിക്കാൻ ഉദ്ദേശിച്ചത്) | 1 | 1 |
| 33. | | മണ്ണുമാന്തി യന്ത്രം | 1 | ഇല്ല |
| 34. | | ജീപ്പ് | 2 | ഇല്ല |
| 35. | | ബോലിറോ ജീപ്പ് | 2 | ഇല്ല |
| 36. | വാഹനങ്ങൾ | ആംബുലൻസ് | ഇല്ല | 2 |
| 37. | | വാട്ടർ മിസ്റ്റ് ടെൻഡർ | ഇല്ല | 1 |
| 38. | | എമർജൻസി റെസ്ക്യൂ ടെൻഡർ | 1 | 1 |
| 39. | | ശീഘ്ര പ്രതികരണ വാഹനം | 1 | 1 |
| 40. | | സ്കൂബ വാൻ | ഇല്ല | 1 |
| 41. | | മെസ്സ് വാൻ | ഇല്ല | 1 |

| ക്രമ നമ്പർ | കുറവിന്റെ സ്വഭാവം | വിവരണം | കൈവശമുള്ളതിന്റെ എണ്ണം | കുറവുള്ളതിന്റെ എണ്ണം |
|---|---|---|---|---|
| 42. | അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം | ഫയർ ലാബ് | | |
| 43. | | മൾട്ടി പർപ്പസ് റെസ്ക്യൂ ടവർ | | |
| 44. | | സ്മാർട്ട് ക്ലാസ്റൂമുകൾ | | |
| 45. | | കമ്പ്യൂട്ടർ ലാബ് | | |
| 46. | | ബി.എ സ്മോക്ക് റൂം ഗ്യാലറി | | |
| 47. | | ഫയർ ലിഫ്റ്റ് | | |
| 48. | | ഫിക്സഡ് ഫയർ ഫൈറ്റിംഗ് ഇൻസ്റ്റലേഷൻസ് മോഡലുകൾ | | |
| 49. | | ഡ്രിൽ ഗ്രൗണ്ട്സ് – അധികമായി 8 ഏക്കർ | | |
| 50. | | കോൺഫറൻസ് റൂം – നിർമ്മാണം തുടരുന്നു | | |
| 51. | | ബാരക്ക് – പ്രൊപ്പോസൽ, ഡിസൈൻ ആന്റ് അപ്രൂവൽ സ്റ്റേജിൽ | | |
| 52. | | ലൈബ്രറി | | |
| 53. | | ഹെൽത്ത് ക്ലബ് | | |

## അനുബന്ധം 3.1

## മുല്ലപ്പെരിയാർ, ഇടുക്കി, ഇടമലയാർ, ലോവർ പെരിയാർ അണക്കെട്ടുകളുടെയും ഭൂതത്താൻകെട്ട് ബാരേജിന്റെയും മുഖ്യ സവിശേഷതകൾ

*(പരാമർശം: അദ്ധ്യായം 3, റിസർവോയർ പ്രവർത്തനം എന്ന ഖണ്ഡിക)*

| അണക്കെട്ട്/ ബാരേജിന്റെ പേരും വിവര സ്രോതസ്സും | എഫ്.ആർ. എൽ[128] (മീ., എം.എസ്. എൽ) | എം.ഡബ്ല്യു. എൽ[129] (മീ., എം.എസ്. എൽ) | എം.ഡി.ഡി .എൽ[130] (മീ., എം.എസ്. എൽ) | എഫ്.ആർ. എല്ലിലെ സംഭരണ ശേഷി (എം.സി.എം) | സജീവ സംഭരണ[131] ശേഷി (എം.സി.എം) | ഡെഡ് സ്റ്റോറേജ്[132] നില (എം.സിഎം) | എം.ഡബ്ല്യു എല്ലിന് മുകളിലുള്ള ഫ്രീബോർഡ്[133] (മീ.) | സ്പിൽവേ ഇനവും ഡിസ്ചാർജ്ജ് ഡിസൈൻ വ്യാപ്തി (ക്യുമെക്സ്) | ഗേറ്റുകളുടെ എണ്ണം, തരം, വലിപ്പം | വൃഷ്ടി പ്രദേശത്തിന്റെ വിസ്താരം (ച.കി.മീ) | ഡിസ്ചാർജ്ജ് കപ്പാസിറ്റി (ക്യുമെക്സ്) |
|---|---|---|---|---|---|---|---|---|---|---|---|
| മുല്ലപ്പെരിയാർ അണക്കെട്ട് (ജലസേചന വകുപ്പ്) | –* | –* | 41.45 | –* | 299.26 | 144.17 | 0.91 | വെർട്ടിക്കൽ ആന്റ് റേഡിയൽ ഷട്ടർ ടൈപ്പ്, 3454.65 | 13 എണ്ണം, 10.97 X 4.87 മീ (3 വെർട്ടിക്കൽ ഗേറ്റുകൾ), 12.19 X 4.87 മീ. (10 റേഡിയൽ ഗേറ്റുകൾ) | 602.95 | 59.46 |
| ഇടുക്കി അണക്കെട്ട്/ ചെറുതോണി അണക്കെട്ട് (കെ.എസ്.ഇ. ബി.എൽ) | 732.43 | 734.11 | 694.94 | 1996.34 | 1459.49 | 536.81 | 1.79 | ച്യൂട്ട്, 5012 | 5 റേഡിയൽ ഗേറ്റുകൾ 12.19 X 10.36 മീ. | 650.00 | 557.50 |
| ഇടമലയാർ അണക്കെട്ട് (കെ.എസ്.ഇ. ബി.എൽ) | 169.00 | 171.20 | 115.00 | 1089.80 | 1017.80 | 72.00 | 0.80 | ഒഗി, 3248 | 4 റേഡിയൽ ഗേറ്റുകൾ 11.5 X 9.7 മീ. | 380.79 (101 ച.കി.മീ നിരാർ വൃഷ്ടി പ്രദേശം ഒഴികെ) | ബാധകമല്ല |
| ലോവർ പെരിയാർ അണക്കെട്ട് (കെ.എസ്.ഇ. ബി.എൽ) | 253.00 | 256.00 | 237.74 | 5.30 | 4.50 | 0.80 | 1.00 | ഒഗി, 11200 | 5 റേഡിയൽ ഗേറ്റുകൾ 13.5 X 15.65 മീ | 584.00 | 338.94 |
| ഭൂതത്താൻകെട്ട് ബാരേജ് (ജലസേചന വകുപ്പ്) | 34.95 | | | | | | | കൗണ്ടർ വെയിറ്റ് ബോക്സുകൾ ഘടിപ്പിച്ചിരിക്കുന്ന ചെയിൻ പുള്ളി ബ്ലോക്കുകൾ കുത്തനെ ഉയർത്തുവാനുള്ള സജ്ജീകരണങ്ങളോടു കൂടിയ വൈദ്യുതിയിൽ പ്രവർത്തിക്കുന്ന ഫ്രെയിംഡ് സ്റ്റീൽ ഷട്ടറുകൾ, 7079 | 3 എണ്ണം 9.14 X 10.36 മീ, 12 എണ്ണം 12.19 X 9.14 മീ. | 3048.00 | |

* വിഷയം കോടതി വിചാരണയിലിരിക്കുന്നു

---

[128] അണക്കെട്ടിന്റെ മുഴുവൻ സംഭരണ ശേഷിയും നിറയുന്ന ജലനിരപ്പിനെയാണ് ഫുൾ റിസർവോയർ ലെവൽ (എഫ്.ആർ.എൽ) എന്നു പറയുന്നത്

[129] സാധാരണയായി ഗേറ്റുകളുടെ മുകൾഭാഗം വരെയുള്ള ജലനിരപ്പിനെയാണ് പരമാവധി ജലനിരപ്പ് (എം.ഡബ്ല്യൂ.എൽ) എന്നു പറയുന്നത്. എം.ഡബ്ല്യൂ.എല്ലിൽ സ്പിൽവേയുടെ മുകളിലൂടെയുള്ള പ്രവാഹം ഡിസൈൻ ഫ്ളഡ് ഡിസ്ചാർജ്ജിൽ ആയിരിക്കും

[130] ഏറ്റവും കുറഞ്ഞ ഡ്രോൺ ഡൗൺ അളവ്

[131] എഫ്.ആർ.എല്ലിനും ഡെഡ് സ്റ്റോറേജ് നിലയ്ക്കുമിടയിലുള്ള സംഭരണമാണ് സജീവ സംഭരണം

[132] അണക്കെട്ടിൽ നിലനിർത്തേണ്ട ഏറ്റവും കുറഞ്ഞ അളവിലുള്ള ജലമാണ് ഡെഡ് സ്റ്റോറേജ്

[133] എം.ഡബ്ല്യൂ.എല്ലിനും എഫ്.ആർ.എല്ലിനും ഇടയിൽ ലഭ്യമായ സംഭരണമാണ് ഫ്ളഡ് കുഷ്യൻ

**അനുബന്ധം 3.2**

**ഇടുക്കി അണക്കെട്ടിനായി 1983-ൽ വികസിപ്പിച്ച റൂൾ കർവ്**

***(പരാമർശം: ഖണ്ഡിക 3.6.1)***




*(ഉറവിടം: കെ.എസ്.ഇ.ബി.എല്ലിലെ രേഖകൾ)*

**അനുബന്ധം 3.3**

**ഇടുക്കി, ഇടമലയാർ അണക്കെട്ടുകൾക്കായി 2020-ൽ രൂപീകരിച്ച റൂൾ കർവ്**

*(പരാമർശം: ഖണ്ഡിക 3.6.1)*

| ടൈം സ്റ്റെപ്പ് | റിസർവോയർ ലെവൽ മീറ്ററിൽ | |
|---|---|---|
| | ഇടുക്കി | ഇടമലയാർ |
| ജൂൺ 10 | 723.29 | 161.00 |
| ജൂൺ 20 | 723.29 | 161.00 |
| ജൂൺ 30 | 723.29 | 161.00 |
| ജൂലൈ 10 | 724.00 | 161.50 |
| ജൂലൈ 20 | 724.80 | 161.75 |
| ജൂലൈ 31 | 725.60 | 162.50 |
| ഓഗസ്റ്റ് 10 | 726.50 | 163.00 |
| ഓഗസ്റ്റ് 20 | 727.50 | 163.50 |
| ഓഗസ്റ്റ് 31 | 728.50 | 164.00 |
| സെപ്റ്റംബർ 10 | 729.25 | 165.00 |
| സെപ്റ്റംബർ 20 | 730.00 | 166.00 |
| സെപ്റ്റംബർ 30 | 730.59 | 166.30 |
| ഒക്ടോബർ 10 | 730.84 | 166.60 |
| ഒക്ടോബർ 20 | 731.17 | 166.80 |
| ഒക്ടോബർ 31 | 731.31 | 167.00 |
| നവംബർ 10 | 731.46 | 168.50 |
| നവംബർ 20 | 731.53 | 168.50 |
| നവംബർ 30 | 731.53 | 168.50 |

## അനുബന്ധം 3.4

## റൂൾ കർവുകൾ പ്രയോഗിച്ച് റിസർവോയർ പ്രവർത്തനങ്ങളുടെ സിമുലേഷൻ നടത്തുന്നതിന് പിന്തുടർന്ന നടപടിക്രമം

***(പരാമർശം: ഖണ്ഡിക 3.6.1)***

1983 ലും 2020 ലും വികസിപ്പിച്ച റൂൾ കർവുകൾ രണ്ടും ഉപയോഗിച്ച് ഇടുക്കി റിസർവോയർ പ്രവർത്തനം വിശകലനം ചെയ്തപ്പോൾ 2020-ലെ റൂൾ കർവ് മാത്രം ഉപയോഗിച്ച് ഇടമലയാർ റിസർവോയർ പ്രവർത്തനം സിമുലേറ്റ് ചെയ്തു. ഐ.ഐ.എസ്.സി ബാംഗ്ലൂർ അവരുടെ പഠനത്തിൽ ഇനി പറയുന്ന പ്രകാരം റിസർവോയർ പ്രവർത്തനങ്ങൾ സിമുലേറ്റ് ചെയ്തു.

$S_{t+1} = S_t + Q_t - R_t - E_t - Spill_t$ (സമവാക്യം എ)

അതിൽ,

$S_{t+1}$: t കാലയളവിന്റെ അവസാനമുള്ള റിസർവോയർ സംഭരണം

$S_t$: t കാലയളവിന്റെ ആരംഭത്തിലുള്ള റിസർവോയർ സംഭരണം

$Q_t$: t കാലയളവിൽ റിസർവോയറിലേക്കുള്ള ഇൻഫ്ളോ

$R_t$: t കാലയളവിൽ റിസർവോയറിൽ നിന്നുള്ള റിലീസ്

$E_t$: t കാലയളവിൽ റിസർവോയറിലെ ജലോപരിതലത്തിൽ നിന്നുള്ള ബാഷ്പീകരണ നഷ്ടം

$Spill_t$: t കാലയളവിൽ റിസർവോയറിൽ നിന്നും പുറന്തള്ളിയ അധികജലം

റിസർവോയർ പ്രവർത്തനം സിമുലേറ്റ് ചെയ്യപ്പെടുന്ന കാലാവധിയാണ് t കാലയളവ്. ഉദാഹരണത്തിന്, ഇത് ഒരു മാസം, ഒരു ദിവസം, ഒരു മണിക്കൂർ എന്നിങ്ങനെ ആകാം. എല്ലാ പദങ്ങളും വ്യാപ്ത അളവുകളിൽ (എം.സി.എം) കാണിച്ചിരിക്കുന്നു. സമവാക്യം എ പ്രിൻസിപ്പൽ ഓഫ് കണ്ടിന്യുറ്റി ഉപയോഗിക്കുന്നു. 2018 ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള മുഴുവൻ മൺസൂൺ കാലയളവിലേക്കാണ് റൂൾ കർവ് വിശകലനം നടത്തിയത്.

## അനുബന്ധം 3.5

### 1983 റൂൾ കർവ് ഉപയോഗിച്ചു നടത്തിയ ഇടുക്കി റിസർവോയറിന്റെ സാമ്പിൾ സിമുലേഷനുകൾ

*(പരാമർശം: ഖണ്ഡിക 3.6.2)*

| തീയതി | ഉയർന്ന നിരപ്പുകൾക്കുള്ള സംഭരണം (എം.സി.എം) | താഴ്ന്ന നിരപ്പുകൾക്കുള്ള സംഭരണം (എം.സി.എം) | ദിവസത്തിന്റെ തുടക്കത്തിലുള്ള സംഭരണം (എം.സി.എം) | റിസർവോയർ നില (മീ., എം.എസ്.എൽ) | പി.എച്ച് ഡിസ്ചാർജ് (എം.സി.എം) | റിസർവോയറിലേക്കുള്ള ഇൻഫ്ളോകൾ (എം.സി.എം) | ബാഷ്പീകരണ നഷ്ടം (എം.സി.എം) | സ്പില്ലുകൾക്ക് മുമ്പ് ദിനാന്ത്യത്തിലുള്ള സംഭരണം (എം.സി.എം) (2)+(5)-(4)-(6) | സ്പില്ലുകൾ (എം.സി.എം) | സ്പില്ലുകൾക്കു ശേഷമുള്ള സംഭരണം (എം.സി.എം) |
|---|---|---|---|---|---|---|---|---|---|---|
| | 1a | 1b | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| 30-06-2018 | 1315.47 | 805.58 | 805.58 | 705.00 | 1.83 | 9.81 | 0.13 | 813.44 | 0.00 | 813.44 |
| 01-07-2018 | 1337.36 | 816.83 | 813.44 | 705.26 | 0.00 | 8.89 | 0.13 | 822.20 | 0.00 | 822.20 |
| 02-07-2018 | 1359.24 | 828.08 | 822.20 | 705.56 | 0.00 | 10.72 | 0.13 | 832.78 | 0.00 | 832.78 |
| 03-07-2018 | 1381.12 | 839.32 | 832.78 | 705.91 | 0.00 | 8.00 | 0.13 | 840.66 | 0.00 | 840.66 |
| 04-07-2018 | 1403.01 | 850.57 | 840.66 | 706.17 | 0.00 | 6.53 | 0.13 | 847.05 | 0.00 | 847.05 |
| 05-07-2018 | 1424.89 | 861.81 | 847.05 | 706.39 | 0.00 | 5.56 | 0.13 | 852.48 | 0.00 | 852.48 |
| 06-07-2018 | 1446.78 | 873.06 | 852.48 | 706.57 | 0.00 | 5.04 | 0.13 | 857.39 | 0.00 | 857.39 |
| 07-07-2018 | 1468.66 | 884.31 | 857.39 | 706.73 | 0.00 | 6.46 | 0.13 | 863.72 | 0.00 | 863.72 |
| 08-07-2018 | 1490.54 | 895.55 | 863.72 | 706.95 | 0.00 | 9.50 | 0.13 | 873.09 | 0.00 | 873.09 |
| 09-07-2018 | 1512.43 | 906.80 | 873.09 | 707.24 | 0.00 | 19.66 | 0.13 | 892.62 | 0.00 | 892.62 |
| 10-07-2018 | 1534.31 | 918.05 | 892.62 | 707.80 | 0.00 | 34.60 | 0.13 | 927.09 | 0.00 | 927.09 |
| 11-07-2018 | 1556.19 | 929.29 | 927.09 | 708.78 | 0.00 | 32.70 | 0.13 | 959.66 | 0.00 | 959.66 |
| 12-07-2018 | 1578.08 | 940.54 | 959.66 | 709.71 | 2.06 | 28.23 | 0.13 | 985.69 | 0.00 | 985.69 |
| 13-07-2018 | 1599.96 | 951.78 | 985.69 | 710.46 | 1.94 | 40.69 | 0.13 | 1024.31 | 0.00 | 1024.31 |
| 14-07-2018 | 1621.84 | 963.03 | 1024.31 | 711.56 | 1.85 | 33.21 | 0.13 | 1055.54 | 0.00 | 1055.54 |
| 15-07-2018 | 1643.73 | 974.28 | 1055.54 | 712.45 | 1.39 | 53.77 | 0.13 | 1107.78 | 0.00 | 1107.78 |
| 16-07-2018 | 1665.61 | 985.52 | 1107.78 | 713.85 | 1.59 | 61.92 | 0.13 | 1167.99 | 0.00 | 1167.99 |
| 17-07-2018 | 1687.49 | 996.77 | 1167.99 | 715.34 | 3.27 | 41.73 | 0.13 | 1206.32 | 0.00 | 1206.32 |
| 18-07-2018 | 1709.38 | 1008.02 | 1206.32 | 716.29 | 5.01 | 38.02 | 0.13 | 1239.20 | 0.00 | 1239.20 |
| 19-07-2018 | 1731.26 | 1019.26 | 1239.20 | 717.11 | 5.92 | 35.83 | 0.13 | 1268.98 | 0.00 | 1268.98 |
| 20-07-2018 | 1753.14 | 1030.51 | 1268.98 | 717.85 | 6.74 | 29.70 | 0.13 | 1291.81 | 0.00 | 1291.81 |
| 21-07-2018 | 1775.03 | 1041.75 | 1291.81 | 718.41 | 5.63 | 22.64 | 0.13 | 1308.69 | 0.00 | 1308.69 |
| 22-07-2018 | 1796.91 | 1053.00 | 1308.69 | 718.83 | 5.40 | 20.09 | 0.13 | 1323.25 | 0.00 | 1323.25 |
| 23-07-2018 | 1818.79 | 1064.25 | 1323.25 | 719.19 | 6.83 | 23.50 | 0.13 | 1339.79 | 0.00 | 1339.79 |
| 24-07-2018 | 1840.68 | 1075.49 | 1339.79 | 719.57 | 8.87 | 39.11 | 0.13 | 1369.90 | 0.00 | 1369.90 |
| 25-07-2018 | 1862.56 | 1086.74 | 1369.90 | 720.21 | 9.12 | 39.35 | 0.13 | 1399.99 | 0.00 | 1399.99 |

